# ജാമക്കാരൻ
# JAMAKKARAN


VOLUME - 1    RNI Reg. No. TNBIL/2016/70171    ISSUE - 7

JULY - 2017    TAMIL & MALAYALAM


**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).


✆ 0427 - 2387499.   E-Mail : Jamakaran@yahoo.com.  Fax: 0427-2386464.   www.Jamakaran.com




**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾ ഏവർക്കും ആശംസകൾ പറയുന്നു.

മറ്റു ചില ദൈവവേലക്കാരുടെ തെറ്റായ ഉപദേശങ്ങളെക്കുറിച്ചു ജാമക്കാരൻ മാസികയിൽ പലതവണ ഞാൻ എഴുതിയിട്ടുണ്ട്. പാപത്തിൽ വീഴുന്ന ബിഷപ്പുമാരെക്കുറിച്ചും അച്ചന്മാരെക്കുറിച്ചും എഴുതി വന്നപ്പോൾ വായനക്കാർ ഓരോ മാസവും ജാമക്കാരൻ ലഭിക്കുന്നതിനായി കൊതിയോടെ കാത്തിരുന്നു. പക്ഷേ ചില മാസങ്ങളായി വേദപഠനങ്ങളെക്കുറിച്ചു തുടർന്നു എഴുതിക്കൊണ്ടിരിക്കുന്നതു പല വായനക്കാർക്കും മുഷിച്ചിലായതായി അറിഞ്ഞു. ഇങ്ങനെയുള്ളവർ വേദപുസ്തകം ശരിക്കു വായിക്കാത്തവരാണ്. വചനത്തിന്റെ ആഴം അറിയണമെന്ന കൊതി ഇല്ലാത്തവർ അതുകൊണ്ടാണ് ആത്മീയത്തിൽ വളരാതിരിക്കുന്നത്. ദിനപത്രങ്ങളിൽ കാണുന്നതുപോലെയുള്ള ഭീകരസംഭവങ്ങളും മറ്റുള്ള ദൈവവേലക്കാരുടെ തെറ്റായ പഠിപ്പിക്കലിനും വ്യാജ ഉപദേശങ്ങൾക്കും എതിരായി എഴുതിയിരിക്കുന്നതുകൊണ്ടു അങ്ങനെയുള്ള വിഷയങ്ങളെയാണ് ചിലർ ജാമക്കാരനിൽ പ്രതീക്ഷിച്ചിരിക്കുന്നത്. പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നത്. ഓരോരോ സഭകളിൽ നടക്കുന്ന അഴിമതികളെ ചൂണ്ടിക്കാണിക്കുന്നതു ആവശ്യം തന്നെ. ആരും എഴുതാൻ ധൈര്യപ്പെടാത്ത വിഷയങ്ങൾ എഴുതാൻ ദൈവം അതു എന്നെ ഏല്പിച്ചു. ഞാൻ അതു എഴുതി. പക്ഷേ ഈ വിഷയം എഴുതാൻ വേണ്ടി മാത്രമല്ല ദൈവം ഈ മാസിക എന്നെ ഏല്പിച്ചത്. വേദവചന ഉപദേശത്തിൽ നിന്നു വികാര ഉപദേശങ്ങളും ആവേശപ്രവൃത്തികളും നോക്കി ഓടുന്ന ജനങ്ങളെ വചനത്തിലേക്കു തിരികെ കൊണ്ടുവരണം. ഇതിനെയാണ് കഴിഞ്ഞ 51 വർഷങ്ങളായി ഞാൻ ചെയ്തുകൊണ്ടിരിക്കുന്നത്. അതേ വിഷയത്തെയാണ് ജാമക്കാരൻ മാസികയിൽ പരസ്യപ്പെടുത്തുന്നത്.


ജാമക്കാരൻ JAMAKKARAN


# JULY 2017

ഇതുവരെ സന്ദർശിച്ച ആയിരക്കണക്കായ സഭകളിൽ ആയിരക്കണക്കിൽ രക്ഷിക്കപ്പെട്ടവർ വിശുദ്ധപാതയിലേക്കു നടക്കാൻ ആഗ്രഹിച്ചവരും സൗഖ്യം പ്രാപിച്ചവരും ധാരാളം ഉണ്ട്. അതിനു ദൈവം എന്നെ ഉപയോഗിച്ചതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. അതിനുവേണ്ടി എന്നെ ഉപകരണമാക്കി ഉപയോഗിച്ച സഭക്കാരെയും അച്ചന്മാരെയും ബിഷപ്പുമാരെയും ഞാൻ വാഴ്ത്തുന്നു.

കഴിഞ്ഞ ചില മാസങ്ങളായി എന്റെ മനസ്സിനെ വേദനിപ്പിക്കുന്ന ഒരു പ്രത്യേക വിഷയം ക്രിസ്ത്യാനികൾ ധാരാളം കൺവെൻഷനുകളിൽ സംബന്ധിക്കുന്നു. എന്നെപ്പോലെ മറ്റു ദൈവവേലക്കാരുടെ പ്രസംഗങ്ങൾ കേൾക്കുന്നു. പാപം ഉപേക്ഷിച്ച് മാനസാന്തരപ്പെടുന്നു, സാക്ഷി പറയുന്നു. പക്ഷേ ഭൂരിപക്ഷം ക്രിസ്ത്യാനികൾ ജീവിതത്തിലും വീട്ടിലും സാക്ഷിയില്ലാതെ ജീവിക്കുന്നു. നാമധേയ ക്രിസ്ത്യാനികളായി തന്നെ ഇപ്പോഴും ജീവിച്ചുകൊണ്ടിരിക്കുന്നു. സ്റ്റേജിൽ സാക്ഷി പറയുന്നതും മാസികയിൽ സാക്ഷി എഴുതുന്നതും വലിയ കാര്യമല്ല. സാക്ഷിയോടെ ജീവിക്കുന്നതാണ് ദൈവം പ്രതീക്ഷിക്കുന്നത്. സാക്ഷി വഴിയായിട്ടാണ് ദൈവത്തെ നമുക്ക് കാണിക്കാൻ സാധിക്കുകയുള്ളൂ. (യെശ 43:13) **ഞാൻ ദൈവം തന്നേ** (എന്നതിനു) **നിങ്ങൾ എന്റെ സാക്ഷികൾ എന്നു യഹോവയുടെ അരുളപ്പാട് –** അപ്പോ.പ്ര.11:26 (ലോകത്തിൽ തന്നെ) **ആദ്യം അന്ത്യോക്യയിൽ വെച്ചു ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്ന പേർ ഉണ്ടായി.** ഇവിടെ സൂചിപ്പിച്ചിട്ടുള്ള 'ശിഷ്യന്മാർ' യേശുക്രിസ്തുവിന്റെ 12 അപ്പോസ്തലന്മാർ അല്ല. ശിഷ്യർ എന്നാൽ പഠിക്കുന്നവരും പിൻഗമിക്കുന്നവരുമാണ് ക്രിസ്ത്യാനികൾ.

കർത്തൃവേലയിൽ
**ഡോ.പുഷ്പരാജ്**

നിങ്ങളുടെ ശ്രദ്ധയ്ക്ക്

# On Line കാണിയ്ക്ക (OFFERING)

നേരത്തെ ഞാൻ അറിയിച്ചിരുന്നതുപോലെ On Line വഴി കാണിയ്ക്ക (Offering) അയയ്ക്കുന്നവരുടെ പേര് ബാങ്ക് പാസ്ബുക്കിൽ വരുന്നില്ല. ചില ബാങ്കുകളിൽ പേര് കാണപ്പെടുന്നു. പണം അയക്കുന്നവരുടെ പേരും വിലാസവും അറിയാത്തതുകൊണ്ട് പണം കിട്ടിയ വിവരത്തെ പണം അയച്ചവരെ അറിയിക്കുവാൻ കഴിയാതെ പോകുന്നു. രസീതും അയയ്ക്കുവാൻ സാധിക്കുന്നില്ല. ചില വായനക്കാരിൽ രസീതു വേണ്ടായെന്ന് അറിയിച്ചവരും ഉണ്ട്. ഓൺലൈനിൽ കാണിയ്ക്ക അയച്ചവർ അതിന്റെ വിവരത്തെ എനിയ്ക്ക് ഇ–മെയിൽ വഴി ആയോ കത്തു മുഖനേയോ അറിയിച്ചാൽ വളരെ ഉപകാരമായിരിക്കും. അതിൽ അയച്ചവരുടെ പേര്, സേലത്തിൽ ഏതു ബാങ്കിലേയ്ക്കാണ് ആ പണം അയച്ചത്, എന്നും എത്ര രൂപ അയച്ചു, ഏത് തീയതിൽ അയച്ചു എന്നും വ്യക്തമായിട്ട് എഴുതി ഒപ്പം നിങ്ങളുടെ മൊബൈൽ നമ്പരും എഴുതി അയച്ചാൽ വളരെ ഉപകാരമായിരിക്കും.

പണം എനിക്കു കിട്ടിയ വിവരത്തെക്കുറിച്ച് നിങ്ങൾക്ക് രസീത് അയ്ക്കാതിരുന്നാലും ഫോൺ മുഖേനയെങ്കിൽ ആ വിവരം നിങ്ങളെ അറിയിക്കുവാൻ എനിക്കു സാധിക്കും. ഒപ്പം നിങ്ങളുടെ വിവരങ്ങൾ അന്വേഷിക്കുവാനും ഫോൺ മുഖേന നിങ്ങൾക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുവാനും സാധിക്കുമല്ലോ. നിങ്ങൾ പ്രാർത്ഥനയോടും ഭാരത്തോടും ദൈവവേലയ്ക്കു വേണ്ടി നിങ്ങളയച്ച പണം എനിക്കു കിട്ടിയ വിവരം നിങ്ങളെ അറിയിക്കാതിരിക്കുന്നത് എന്റെ മനസ്സിന് സങ്കടം തോന്നും. അതുകൊണ്ട ഈ വിഷയത്തിൽ നിങ്ങൾ എന്നോടു ദയവായി സഹകരിക്കണം എന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഡോ.പുഷ്പരാജ്

# വേദവചനങ്ങളിൽ വൈരുദ്ധ്യം ഇല്ല

**കുറിപ്പ് :** ജാമക്കാരൻ വായനക്കാർ വേദപുസ്തക വായനക്കാരായി മാത്രമല്ല വേദപുസ്തക പഠിതാക്കളുമായിരിക്കണം. വേദപുസ്തകം പഠിക്കാൻ ആഗ്രഹിക്കുന്നവർക്കു മാത്രമേ ഇതു താല്പര്യമുള്ളതായിരിക്കയുള്ളൂ. തുടർന്നു നിങ്ങൽ വായിക്കാൻ പോകുന്നതു ആത്മീയത്തിനു പ്രയോജനമില്ലാത്തതായി തോന്നാം. പക്ഷേ നമ്മുടെ വേദപുസ്തകം 'സത്യവേദപുസ്തകം' എന്താണെന്നതു നമുക്കറിയാം. ഇതിൽ കള്ളമില്ല, വ്യാജമില്ല, അതിശയോക്തിയില്ല എന്നുള്ള വിവരങ്ങൾ അറിഞ്ഞാൽ മാത്രമേ ഇതിൽ എഴുതിയിട്ടുള്ള വചനങ്ങൾ വിശ്വസിക്കാൻ സാധിക്കയുള്ളൂ. മനുഷ്യരെക്കൊണ്ടാണ് ഈ പുസ്തകം എഴുതിയതെങ്കിലും ഇതിന്റെ പിന്നിൽ പരിശുദ്ധാത്മാവിന്റെ പ്രേരണ ഉണ്ടെന്നതു നിങ്ങൾ അറിയണം. അതുകൊണ്ടാണ് ഇതു പരിശുദ്ധാത്മാവു തന്നെയാണ് ഇതു എഴുതിയതു എന്നു അറിയപ്പെടുന്നതു. തർജ്ജിമയിൽ വ്യത്യാസം ഉണ്ടാകാൻ സാധ്യത ഉണ്ട്. ആശയത്തിൽ ഒരിക്കലും വ്യത്യാസം ഉണ്ടാകയില്ല. വേദപുസ്തകത്തിൽ വൈരുദ്ധ്യങ്ങളായി പറയപ്പെടുന്ന ചില ഉദാഹരണങ്ങൾ കാണാം. ഉദ: മനുഷ്യനെ ദൈവം പരീക്ഷിക്കുന്നില്ല എന്നു ഒരു ഭാഗത്തും, ദൈവം മനുഷ്യനെ പരീക്ഷിക്കുന്നു എന്നു പലഭാഗങ്ങളിലും എഴുതിട്ടുണ്ട്. ഇവ വൈരുദ്ധ്യമല്ല. ഇതു ദൈവത്തിന്റെ അവകാശവും അധികാരത്തിൽ ഉൾപ്പെട്ട വിഷയവുമാകുന്നു. ഇങ്ങനെയുള്ള വിഷയങ്ങൾ എന്തുകൊണ്ടു എന്നു ചോദിക്കാൻ മനുഷ്യനു അവകാശം ഇല്ല. മനുഷ്യൻ കളിമണ്ണാണ് (സൃഷ്ടി) ദൈവം കുശവനാണ് (സ്രഷ്ടാവ്).

പക്ഷേ താഴെ പറയുന്നതു ചരിത്ര പശ്ചാത്തലത്തിലും സാഹചര്യത്തിന്റെ അടിസ്ഥാനത്തിലും എഴുതിയ സാഹചര്യത്തിലും കാണപ്പെടുന്ന വൈരുദ്ധ്യമാകുന്നു. എന്നാൽ ഒരിക്കലും അതു തെറ്റല്ല. വൈരുദ്ധ്യവുമല്ല. ഇതു താഴെ നിങ്ങൾ വായിക്കുമ്പോൾ അറിയാൻ സാധിക്കും. വേദപുസ്തകം എഴുതിയ പരിശുദ്ധാത്മാവു തന്നെ എല്ലാം നിങ്ങൾക്കു മനസ്സിലാക്കി തരുമാറാകട്ടെ. അതുകൊണ്ടു വേദപുസ്തകത്തിന്റെ ഒരു സംഭവവും വൈരുദ്ധ്യവും അല്ല.

ഉല്പത്തി 1:3–5 ഒന്നാം ദിവസം ദൈവം വെളിച്ചത്തെ ഉണ്ടാക്കി.

ഉല്പത്തി 1:14–19 നാലാം ദിവസം ദൈവം സൂര്യനെ ഉണ്ടാക്കി.

വേദപുസ്തകത്തിൽ ആദ്യത്തെ പുസ്തകമായ ഉല്പത്തി പുസ്തകത്തിലെ ഒന്നാം അദ്ധ്യായത്തിൽ ചൂണ്ടിക്കാണിക്കുന്ന ഒന്നാമത്തെ വൈരുദ്ധ്യം വെളിച്ചത്തിന്റെ സൃഷ്ടിയെക്കുറിച്ചുള്ളതാണ്. ഉല്പത്തി 1:3–5 ൻ പ്രകാരം ദൈവം **ഒന്നാമത്തെ ദിവസം തന്നെ** വെളിച്ചത്തെ സൃഷ്ടിച്ചു. എന്നാൽ 14 മുതൽ 19 വരെയുള്ള വചനപ്രകാരം ദൈവം **നാലാമത്തെ ദിവസമാണ്** സൂര്യനെ സൃഷ്ടിച്ചത്. സൂര്യനിൽ നിന്ന് നമുക്ക് വെളിച്ചം ലഭിക്കുന്നതുകൊണ്ട് **സൂര്യൻ** ഇല്ലാതെ മൂന്നുദിവസം വെളിച്ചം ഉണ്ടായിരുന്നതായി കാണപ്പെടുന്ന ഉല്പത്തി 1:3–5 വരെയുള്ള വചനങ്ങൾ സൂര്യന്റെ സൃഷ്ടിയെക്കുറിച്ചുള്ള വൈരുദ്ധ്യപ്പെടുത്തുന്ന വേദഭാഗമായി പലരും കരുതുന്നു. കൂടാതെ ശാസ്ത്രീയമായും ഇതിൽ തെറ്റുള്ളതായി വേദവിമർശകർ പറയുന്നുണ്ട്.

ചില ക്രിസ്ത്യാനികൾ ദൈവം ഒന്നാമത്തെ ദിവസം തന്നെ സൂര്യനെ സൃഷ്ടിച്ചതായും നാലാംദിവസം ഭൂമിയെ മൂടിയിരുന്ന **മേഘം മാറി ആകാശം തെളിഞ്ഞതായും** തന്മൂലം ഒന്നാം ദിവസം സൃഷ്ടിക്കപ്പെട്ട സൂര്യൻ നാലാം ദിവസം മാനവീക ദൃഷ്ടിക്കു തെളിവായതായും, ഒന്നാമത്തെ ദിവസം വെളിച്ചം നൽകാത്ത രീതിയിൽ സൃഷ്ടിക്കപ്പെട്ട സൂര്യൻ നാലാംദിവസം എന്തോ സംഭവിച്ചതിനാൽ പ്രകാശിക്കുവാൻ കഴിഞ്ഞു എന്നും സ്വയമായി വിമർശിക്കുന്നു. പക്ഷേ നേരത്തേ സൃഷ്ടിക്കപ്പെട്ട സൂര്യൻ നാലാംനാളിൽ ദൃഷ്ടീഭവിച്ചു എന്നോ പ്രകാശിക്കുവാൻ തുടങ്ങി എന്നോ ഉല്പത്തി 1:14–19 ൽ പറയുന്നില്ല. ആകാശത്തിലെ **നക്ഷത്രങ്ങൾ എല്ലാം നാലാം നാളിൽ** സൃഷ്ടിക്കപ്പെട്ടതായി ഈ ഭാഗത്തിൽ പറഞ്ഞിരിക്കുന്നു. മാനുഷിക ജ്ഞാനത്തിനൊത്തവണ്ണം വേദപുസ്തകത്തെ ഇപ്രകാരം വ്യാഖ്യാനിക്കുന്നതിനെ ക്രിസ്ത്യാനികൾ അനുകൂലിക്കുന്നത് തെറ്റാണ്.

യഥാർത്ഥത്തിൽ ഉല്പത്തി 1:3–5 ൽ എഴുതിയിരിക്കുന്നതു പോലെ ദൈവം ഒന്നാം ദിവസം തന്നെ **വെളിച്ചത്തെ സൃഷ്ടിച്ചു**. സകലജീവജാലങ്ങൾക്കും ജീവസന്ധാരണത്തിന് **വെളിച്ചം വളരെ ആവശ്യമെന്ന്** അറിഞ്ഞിരുന്ന ദൈവം സൃഷ്ടിയുടെ ആരംഭമായി വെളിച്ചത്തെയാണ് സൃഷ്ടിച്ചത്. എന്നാൽ നാലാം ദിവസം സൂര്യനെ സൃഷ്ടിച്ച ദൈവം **ഒന്നാംദിവസം** സൃഷ്ടിച്ച **വെളിച്ചത്തെ** സൂര്യനിൽ നിന്ന് പുറപ്പെടും വിധത്തിൽ **ആ വെളിച്ചത്തെ സൂര്യനിൽ സ്ഥാപിച്ചു.** അതുകൊണ്ടാണ് സൂര്യൻ എന്ന പദത്തിന് വലിപ്പമേറിയ വെളിച്ചം എന്നു പറഞ്ഞിരിക്കുന്നു. വെളിച്ചം എന്ന അർത്ഥത്തിലല്ലാതെ വെളിച്ചം വഹിക്കുന്നത് അതായത് പ്രകാശം താങ്ങിക്കൊണ്ടിരിക്കുന്ന വെളിച്ചം എന്നുള്ള അർത്ഥം ഉള്ളതായിരിക്കുന്നത്.

സൂര്യനില്ലാത്ത അവസ്ഥയിൽ വെളിച്ചം ഉണ്ടായിരിക്കയില്ല എന്നു കരുതുന്നത് അർത്ഥശൂന്യമാണ്. ഇതുപോലത്തെ അവസ്ഥ സ്വർഗ്ഗരാജ്യത്തിലുണ്ട് എന്ന് വെളിപ്പാട് 21:23, 22:5 വാക്യങ്ങളിൽ നിന്ന് അറിയാവുന്നതാണ്. ഈ വചനങ്ങളിൽ "നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല. ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു **കുഞ്ഞാട്** അതിന്റെ **വിളക്ക്** ആകുന്നു....ഇനി രാത്രി ഉണ്ടാകയില്ല. ദൈവമായ കർത്താവ് അവരുടെ മേൽ പ്രകാശിക്കുന്നതുകൊണ്ട് വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്ക് ആവശ്യമില്ല. ദൈവമായ കർത്താവു തന്നെ **അവരുടെമേൽ പ്രകാശിക്കും.** അവർ എന്നെന്നേക്കും രാജാക്കന്മാരായിരിക്കും എന്നും എഴുതിയിരിക്കുന്നു.

ദൈവം തന്നെ വെളിച്ചമായിരിക്കുന്നതുകൊണ്ട് സൂര്യനില്ലാതെയും ദൈവത്തിന് വെളിച്ചം നൽകുവാൻ കഴിയും. '**ദൈവം തന്നെ** വെളിച്ചത്തിന്റെ ഉത്ഭവമാണ്. അതുകൊണ്ടാണ് സങ്കീ 104:2–ൽ **വസ്ത്രം ധരിക്കുമ്പോലെ** നീ പ്രകാശത്തെ ധരിക്കുന്നു. യിസ്രായേൽ മക്കളുടെ മരുഭൂപ്രയാണത്തിൽ അഗ്നിസ്തംഭത്തിലും....**സമാഗമന** കൂടാരത്തിലും ദൈവത്തിന്റെ സാന്നിദ്ധ്യം തന്നെ ജനത്തിന് പ്രകാശമായിരുന്നു (പുറ 24:15–18). അതിനാലാണ് ഭാവികാലത്ത് ഇനി പകൽ നേരത്തു നിന്റെ വെളിച്ചം സൂര്യനല്ല. നിനക്കു നിലാവെട്ടം തരുന്നത് ചന്ദ്രനുമല്ല. യഹോവ നിനക്കു നിത്യപ്രകാശവും നിന്റെ ദൈവം നിന്റെ തേജസ്സുമാകുന്നു എന്ന് പ്രവാചകന്മാർ മുന്നറിയിച്ചത് (യെശ 60:19–20, യോവേ 2:30–31, സെഖ 14:7). ആകയാൽ സൂര്യൻ ഇല്ലാത്ത അവസ്ഥയിലും ഒന്നാം ദിവസം ദൈവം വെളിച്ചം സൃഷ്ടിച്ചത് സൂര്യൻ ഇല്ലാത്ത നിലയിലും വെളിച്ചം ഉണ്ടായിരിക്കുന്നത് **മിന്നലിന്റെ പ്രകാശം സൂര്യനിൽ വരുന്നതല്ല**. വാസ്തവത്തിൽ ശക്തിയുള്ള.....ഉണ്ടാകുന്ന...............എന്നുള്ള അലകളിൽ വെളിച്ചം ഉണ്ടെന്നു ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. അതുകൊണ്ട് ദൈവം ഒന്നാംനാളിൽ തന്നെ ഇപ്രകാരം വെളിച്ചത്തെ സൃഷ്ടിച്ചു. നാലാംദി

വസം ഈ വെളിച്ചം സൂര്യനിൽ നിന്നും വരത്തക്കവണ്ണം ഏർപ്പാടുണ്ടാക്കി. അതുകൊണ്ട് ഉല്പത്തി പുസ്തകത്തിലെ ഒന്നാം ദിവസത്തിലെ സൃഷ്ടിക്കും നാലാംനാളിലെ സൃഷ്ടിപ്പിനും ഇടയിൽ യാതൊരുവിധ വൈരുദ്ധ്യവും ഇല്ല.

## വൈരുദ്ധ്യം ഇല്ല നമ്പർ - 2

ഉല്പത്തി 1:27-ൽ ആണും പെണ്ണും ഒരേ നേരത്തിൽ സൃഷ്ടിക്കപ്പെട്ടു. ഉല്പത്തി 2:7; 21:22. ആണും പെണ്ണും ഒരേ സമയത്തിലല്ല സൃഷ്ടിക്കപ്പെട്ടത്.

ഉല്പത്തി പുസ്കത്തിലെ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളും ഒന്നിനൊന്ന് പരസ്പര വൈരുദ്ധ്യമുള്ള രണ്ടു വ്യത്യസ്തരീതിയിലുള്ള സൃഷ്ടിയുടെ ചരിത്രമായി ആദ്യകാലത്ത് ക്രൈസ്തവർക്കിടയിൽ ഒരു അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്. ഇതിന് കാരണം രണ്ട് അദ്ധ്യായങ്ങളിലും ചിത്രീകരിച്ചിട്ടുള്ള വ്യത്യസ്ത രീതിയിലെ സൃഷ്ടിയുടെ വിവരണമാണ്.

സത്യത്തിൽ ഒന്നാമത്തെ അദ്ധ്യായമനുസരിച്ച് ദൈവം ആണിനെയും, പെണ്ണിനെയും ഒരേ നേരത്തിൽ സൃഷ്ടിച്ചു (ഉല്പത്തി 1:27). എന്നാൽ രണ്ടാം അദ്ധ്യായത്തിൽ ഇരുവരുടെയും സൃഷ്ടിയുടെ ഇടവേളയിൽ കാലദൈർഘ്യം കാണപ്പെടുന്നു ഉല്പത്തി 7:20-22. കൂടാതെ ഒന്നാം അദ്ധ്യായപ്രകാരം വൃക്ഷങ്ങൾ, ആകാശത്തിലെ പറവജാതികൾ, മൃഗങ്ങൾ എന്നിവ **മനുഷ്യന്റെ സൃഷ്ടിക്കു മുന്നമേ** സൃഷ്ടിക്കപ്പെട്ടു. എന്നാൽ **രണ്ടാം അദ്ധ്യായത്തിൽ** മനുഷ്യൻ സൃഷ്ടിക്കപ്പെട്ട ശേഷമാണ് ഇവയൊക്കെയും സൃഷ്ടിക്കപ്പെട്ടത് ഉല്പത്തി 2:8-9, 19, 20.

ഇതുമുഖാന്തിരം രണ്ടദ്ധ്യായങ്ങളും തമ്മിൽ വൈരുദ്ധ്യമുള്ള സൃഷ്ടിയുടെ ചരിത്രമായി പലർ എണ്ണുന്നു.

ഉല്പത്തി പുസ്തകത്തിൽ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങളും ഒറ്റനോട്ടത്തിൽ പല വ്യത്യാസങ്ങൾ ഉള്ളതായി തോന്നാം. എന്നാൽ **ഒന്നാം അദ്ധ്യായത്തിൽ** ആറു ദിവസം കൊണ്ടു ദൈവം സകലവും സൃഷ്ടിച്ചശേഷം **രണ്ടാം അദ്ധ്യായത്തിൽ** വീണ്ടും സൃഷ്ടിയെക്കുറിച്ചുള്ള വിഷയങ്ങൾ എന്തിനുവേണ്ടി എഴുതപ്പെട്ടു എന്നതു നാം അറിഞ്ഞിരുന്നാൽ ഈ രണ്ടു അദ്ധ്യായങ്ങളിലും യാതൊരുവിധ വൈരുദ്ധ്യവും ഇല്ല എന്നു കാണാൻ സാധിക്കും. വാസ്തവത്തിൽ ഉല്പത്തി ഒന്നാം അദ്ധ്യായത്തിൽ ആറു ദിവസം കൊണ്ടു ദൈവം സൃഷ്ടിച്ച കാര്യങ്ങൾ എല്ലാം അവയുടെ കാലക്രമം അനുസരിച്ചു സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ രണ്ടാം അദ്ധ്യായത്തിൽ ദൈവം സൃഷ്ടിച്ച സകല കാര്യങ്ങളും എഴുതിയിട്ടില്ല. കൂടാതെ ഒന്നാം അദ്ധ്യായത്തിൽ ഏവയെല്ലാം സൃഷ്ടിക്കപ്പെട്ടു എന്നു മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ. എന്നാൽ രണ്ടാം അദ്ധ്യായത്തിലുള്ള കാര്യങ്ങൾ എങ്ങനെ സൃഷ്ടിക്കപ്പെട്ടു എന്നുള്ള വിശദീകരണം നൽകപ്പെട്ടിരിക്കുന്നു. ഇതിനു കാരണം ഈ രണ്ടു അദ്ധ്യായങ്ങളും വ്യത്യസ്തമായ ഉദ്ദേശ്യത്തോടെ എഴുതപ്പെട്ടതുകൊണ്ടാകുന്നു.

ദൈവം സൃഷ്ടിച്ച സകലവും ചുരുക്കമായി സൂചിപ്പിച്ചിരിക്കുന്നതാണ് ഒന്നാം അദ്ധ്യായത്തിന്റെ ഉദ്ദേശ്യം. ഇതുകൊണ്ടാണ് സൃഷ്ടിയുടെ ആറു ദിവസങ്ങളിലെ ഒരോ ദിവസവും ദൈവം ഏതിനെയെല്ലാം സൃഷ്ടിച്ചു എന്ന ഒരു പട്ടികപോലെ സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ രണ്ടാം അദ്ധ്യായത്തിൽ ദൈവത്തിന്റെ സൃഷ്ടിയുടെ ഒന്നായ മനുഷ്യന്റെ സൃഷ്ടിയെക്കുറിച്ചുള്ള വിവരണമാകുന്നു. മനുഷ്യനു മുഖ്യത്വം കൊടുത്തുകൊണ്ടുള്ള രണ്ടാം അദ്ധ്യായം സൃഷ്ടിയുടെ കാലക്രമരീതിയുടെ അടിസ്ഥാനത്തിൽ എഴുതപ്പെട്ടതല്ല. ഇക്കാരണത്താൽ ഉല്പത്തിയുടെ ആദ്യ രണ്ടു അദ്ധ്യായങ്ങൾക്കും ഇടയിൽ വൈരുദ്ധ്യം ഉണ്ടെന്നു പറയുന്നതു തെറ്റാകുന്നു.

## വൈരുദ്ധ്യം ഇല്ല നമ്പർ – 3

ഉല്പത്തി 1:28 മാനുഷിക വംശവർദ്ധന ദൈവത്തിന്റെ അനുഗ്രഹമാണ്.

ലേവ്യ 12:1–8 മാനുഷിക വംശവർദ്ധന ദൈവം പാപമായി കരുതുന്നു.

തിരുവചന സത്യങ്ങൾ ശരിയായ വിധത്തിൽ ഗ്രഹിക്കാത്തവർ വചനത്തിൽ ചൂണ്ടിക്കാണിക്കുന്ന മനുഷ്യന്റെ വംശവർദ്ധനയെക്കുറിച്ചുള്ളതാണ്. ഉല്പത്തി 1:28 –ൽ ആണും പെണ്ണുമായി മനുഷ്യനെ സൃഷ്ടിച്ച ദൈവം അവനെ അനുഗ്രഹിച്ച് നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവാൻ കല്പിച്ചു. ഇതിൽ നിന്നും സന്താനപുഷ്ടി ദൈവത്താൽ അനുഗ്രഹിക്കപ്പെടുന്ന ഒരു കാര്യമായി നാം കാണുന്നു. ലേവ്യ 12:1–8 ൽ സ്ത്രീ, പ്രസവശേഷം മാതാവ് ദൈവലായത്തിൽ അർപ്പിക്കേണ്ടുന്ന പാപയാഗത്തെ ചൂണ്ടിക്കാണിക്കുന്ന വേദവിമർശകർ കുഞ്ഞുങ്ങളെ പ്രസവിക്കുന്നത് പാപപ്രവൃത്തി ആയതുകൊണ്ടാണ് അതിനായി യാഗം അർപ്പിക്കുവാൻ ദൈവം കല്പിച്ചത് എന്ന് വാദിക്കുന്നു. ഇക്കാരണത്താൽ ഒരു ഭാഗത്ത് ദൈവത്തിന്റെ ആശീർവാദമായ കാര്യം മറ്റൊരു ഭാഗത്ത് പാപപ്രവൃത്തിയായിരിക്കുന്നതായും വൈരുദ്ധ്യമായി വേദപുസ്തകത്തിലുള്ള വേദവിമർശകർ എടുത്തുകാണിക്കുന്നു.

ഉല്പത്തി 1:28 ൽ പറയപ്പെടുന്നതുപോലെ മനുഷ്യന്റെ **സന്താനവർദ്ധന** ദൈവത്തിന്റെ ആശീർവാദമായിരിക്കുന്നു. ലേവ്യ 26:9, ആവർ 28:11, സങ്കീ 127:4, സങ്കീ 128:1–3 തുടങ്ങിയ വചനങ്ങളും സന്താനപുഷ്ടി, ദൈവത്തിന്റെ **ആശീർവാദമായി** പറയുന്നു. അതുപോലെതന്നെ ലേവ്യ 12:1–8 ൽ പറയുന്നതായ യാഗങ്ങൾ, സ്ത്രീയുടെ പ്രസവം, **പാപപ്രവൃത്തിയായി** എടുത്തുകാണിക്കുന്നില്ല. മേൽപ്പറയപ്പെട്ട യാഗം എന്തിനാണ് എന്നത് മനസ്സിലാക്കാത്തതു കൊണ്ടാണ് ഈ അദ്ധ്യായം സ്ത്രീ പ്രസവിക്കുന്നത് പാപമായി വേദവിമർശകർ പറയുന്നതിന് കാരണമായിരിക്കുന്നു. ലേവ്യ 12–ാം അദ്ധ്യായത്തിൽ പ്രസവം **പാപം** എന്നു സൂചിപ്പിച്ചിട്ടില്ല. ഈ അദ്ധ്യായത്തിൽ 'ഋതു ശുദ്ധീകരണത്തെ' പറ്റിയാണ് സൂചിപ്പിച്ചിട്ടുള്ളത് (ലേവ്യ 12:4, 5, 7). മാസമുറകാലത്തിൽ ആയിരിക്കുന്നതുപോലെ (ലേവ്യ 15:9) പ്രസവശേഷം മാതാവും ഒരു ആഴ്ചക്കാലം തനിയെ ഇരിക്കേണം എന്നു 2–ാം വചനത്തിൽ സൂചിപ്പിച്ചിരിക്കുന്നതിനാൽ പ്രസവ സമയത്തും അതിനു ശേഷവും ഉണ്ടാകുന്ന 'ഋതുകാലംപോലെ' മാതാവിനെ അശുദ്ധയാകുന്നതുപോലെ ഈ അദ്ധ്യായത്തിൽ സൂചിപ്പിച്ചിരിക്കുന്നു. എന്നാലും ഇവിടെ 'ഋതു' 'അശുദ്ധം' എന്നീ പദങ്ങൾ പാപത്തെ അല്ല ശാരീരികമായും ചടങ്ങാചാരരീതിയായും ഉണ്ടാകുന്ന അശുദ്ധത്തെയാണ് സൂചിപ്പിക്കുന്നത്. 'മനുഷ്യശരീരത്തിൽ നിന്നു പുറത്തുവരുന്നവ (അതായത് മലം, മൂത്രം എന്നിവ) ശരീരത്തെ അശുദ്ധമാക്കുന്നതുപോലെ **'രക്തവും'** ശരീരത്തെ അശുദ്ധമാക്കുന്നു. ഇതുമൂലം **രക്തസ്രവം** ഉള്ള നില അക്കാലത്തിൽ ശാരീരികമായി അശുദ്ധമായ നില ആയിരിക്കുന്നു. മാത്രമല്ല വൈദ്യശാസ്ത്രം അന്നു വളർച്ച പ്രാപിച്ചിട്ടില്ലാതിരുന്നതിനാൽ **രക്തസ്രവരോഗം** വ്യാപിക്കുന്നതിനു കാരണമായിരുന്നു. ഇതിനാൽ **ചർമ്മരോഗം** ഉള്ളവരും **രക്തസ്രവം** ഉള്ളവരും മറ്റുള്ളവരോടൊപ്പം ചേർന്നു ഇരിക്കുന്നതിനെ ഒഴിവാക്കുന്നതിനായി **ഒറ്റപ്പെടുത്തിയിരുന്നു**. വാസ്തവത്തിൽ ഇപ്രകാരം ഇരിക്കുന്നവരാണ് അക്കാലത്തിൽ ചടങ്ങാചാര രീതിയായി അവർ **അശുദ്ധരെന്നു** കരുതിയിരുന്നു. അതുകൊണ്ടു പ്രസവാനന്തരമുള്ള രക്തസ്രവം പൂർണ്ണമായി മാറി മാതാവു ശാരീരികമായി ആരോഗ്യം പ്രാപിക്കുന്നതുവരെ **ദൈവാലയ വഴിപാടു** ഉൾപ്പെടെ പരസ്യവുമായ പരിപാടികൾ ഒന്നിലും പങ്കെടുക്കാൻ സാധിക്കാത്തവരായിരിക്കുന്നതായി അവർ ചടങ്ങാചാര രീതിയിൽ **അശുദ്ധയായി** കരുതപ്പെട്ടു.

പഴയനിയമകാലത്തിൽ ചടങ്ങാചാര രീതിയായി **അശുദ്ധരായിരിക്കുന്നവർ** തങ്ങളുടെ ശുദ്ധീകരണ കാലം തീർന്ന ശേഷം ആലയത്തിൽ പോയി ബലികൾ നടത്തുന്നതായിരുന്നു രീതി. ലേവ്യ 12–ാം അദ്ധ്യായത്തിൽ ഇപ്രകാരമുള്ള **ബലികളെപ്പറ്റിയുള്ള** വിവരങ്ങളാണ് നൽകിയിരിക്കുന്നത്. എന്നാലും വേദപുസ്തകസത്യം അനുസരിച്ചു മനുഷ്യരെല്ലാം ജന്മനാ പാപികളായിരിക്കുന്നതുകൊണ്ടു സൂചിപ്പിച്ച ചില കാര്യങ്ങൾക്കായി ബലികൾ അർപ്പിക്കുന്നതാണ് രീതി. അതുകൊണ്ടാണ് ശുദ്ധീകരണത്തിനായി നടത്തുന്ന ബലിയും **പാപനിവാരണബലി** അർപ്പിക്കേണ്ടതിനെപ്പറ്റിയുള്ള വിവരങ്ങൾ പഴയനിയമത്തിൽ ഉളളത്. എന്നാലും ഇവിടെ സർവ്വാംഗദഹന ബലിക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. ഇക്കാരണത്താൽ ഒന്നാമതായി ഈ ബലിയെക്കുറിച്ചുള്ള കുറിപ്പ്  എഴുതിയിരിക്കുന്നു. പാപത്തിനായി ചെലുത്തപ്പെടുന്ന ബലികളെക്കുറിച്ചുള്ള വിവരങ്ങളിൽ **പാപനിവാരണ ബലിയാണ്** ഒന്നാമതായി സൂചിപ്പിക്കുന്നത്. എന്നാൽ ലേവ്യർ 12–ാം അദ്ധ്യായത്തിൽ പാപനിവാരണബലി ഇല്ല. അതിനു പകരം സർവ്വാംഗദഹന ബലിയാണ് ഒന്നാമതായി സൂചിപ്പിച്ചിരിക്കുന്നത്. മാത്രമല്ല പ്രാവിൻകുഞ്ഞു അല്ലെങ്കിൽ കാട്ടുപ്രാവിനെ പാപനിവൃത്തിക്കായി അർപ്പിക്കുമ്പോൾ അതു ചടങ്ങാചാര ശുദ്ധീകരണത്തിനുള്ള ബലിയായിരുന്നു. ഇതിനാൽ ലേവ്യ 12–ാം അദ്ധ്യായത്തിൽ ബലി അർപ്പിക്കുന്നതിനാൽ **മാതാവിന്റെ പാപം** ക്ഷമിക്കപ്പെടും എന്നു സൂചിപ്പിക്കാതെ 'അപ്പോൾ അവളുടെ **രക്തസ്രാവം നിന്നിട്ടു അവൾ ശുദ്ധയാകും** (ലേവ്യ 12:7,8) എന്നു സൂചിപ്പിച്ചിരിക്കുന്നത്. അർപ്പിക്കുന്ന ബലി പാപത്തിനായിരുന്നു എങ്കിൽ ലേവ്യ 4:20,26,31,35–ൽ ഉള്ള രീതിയിൽ 'അപ്പോൾ അതു അവനു ക്ഷമിക്കപ്പെടും' എന്നാണ് സൂചിപ്പിച്ചിരിക്കുമായിരുന്നു.

## വൈരുദ്ധ്യം ഇല്ല നമ്പർ 4

ഉല്പത്തി 1:31 ദൈവം ഉണ്ടാക്കിയവയൊക്കെയും ദൈവം നോക്കി അവ എത്രയും നല്ലത് എന്ന് ദൈവം കണ്ടു.

ഉല്പത്തി 6:6 ദൈവം സൃഷ്ടിച്ചത് അവന്റെ ഹൃദയത്തിന് ദുഃഖമായി.

വേദപുസ്തകത്തിൽ വെളിപ്പെടുത്തപ്പെട്ടിട്ടുള്ള ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് വേദവിമർശകർ ചൂണ്ടിക്കാണിക്കുന്ന ഒരു പ്രധാന വൈരുദ്ധ്യം ദൈവത്തിന്റെ മാനസിക അവസ്ഥയെക്കുറിച്ചാകുന്നു ഭൂമിയും അതിലുള്ളതൊക്കെയും ആറുദിവസം കൊണ്ട് സൃഷ്ടിച്ച ദൈവത്തിന് അവ എല്ലാം ആരംഭത്തിൽ നല്ലതായിരുന്നു. ഇതിനാൽ ഉല്പത്തി 1:31 ൽ അപ്പോൾ താൻ ഉണ്ടാക്കിയതിനെയൊക്കെയും ദൈവം നോക്കി. അത് **എത്രയും നല്ലത്** എന്നു കണ്ടു എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഇതിന് വൈരുദ്ധ്യമായി ഉല്പത്തി 6:6 ൽ താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക കൊണ്ടു യഹോവ അനുതപിച്ചു. അത് അവന്റെ ഹൃദയത്തിന് **ദുഃഖമായി** എന്നു പറഞ്ഞിരിക്കുന്നു. താൻ സൃഷ്ടിച്ചവയെക്കുറിച്ചു ദൈവത്തിന്റെ അഭിപ്രായം വൈരുദ്ധ്യമുള്ളതായി വേദ വിമർശകർ പറയുന്നു.

തിരുവചനങ്ങൾ അവ **പറയപ്പെട്ട** അഥവാ **എഴുതപ്പെട്ട കാലത്തിനനുസരിച്ചു** നാം മനസ്സിലാക്കേണ്ടതാണ്. അല്ലെങ്കിൽ അവ വൈരുദ്ധ്യമായി നമുക്കു തോന്നാം. ഉല്പത്തി 1:31 ൽ മനുഷ്യൻ പാപത്താൽ ബാധിക്കപ്പെടാത്ത ലോകത്തെ നോക്കിയാണ് താൻ ഉണ്ടാക്കിയതൊക്കെയും **നല്ലത്** എന്ന് കണ്ടത്. എന്നാൽ ഉല്പത്തി 3–ാം അദ്ധ്യായത്തിൽ മനുഷ്യൻ പാപം ചെയ്ത് ദൈവത്തിന്റെ ശാപത്തിന് അധീനരായിത്തീർന്ന നിലയിൽ മനുഷ്യൻ **പാപം ചെയ്തതുകൊണ്ട്** ദൈവം

**മനുഷ്യനെ** മാത്രമല്ല അവൻ വസിക്കുന്നതായ **ഭൂമിയെയും ശപിച്ചു**- ഉല്പത്തി 3:17-19, 5:29, റോമ 8:20-22. അതുകൊണ്ട് ഉല്പത്തി 6-ാം അദ്ധ്യായത്തിൽ പാപംകൊണ്ട് നിറഞ്ഞിരുന്ന അന്നത്തെ ലോകത്തെ നോക്കി ദൈവം അനുതപിച്ചു. താൻ സൃഷ്ടിച്ച മനുഷ്യരും ലോകവും പാപത്താൽ ബാധിക്കപ്പെട്ട് ദൈവത്തിന്റെ ഹൃദയത്തിന് ദുഃഖമായിത്തീർന്നു എന്നാണ് ഉല്പത്തി 6:6 ൽ പറയുന്നത്. അതുകൊണ്ട് ഇവിടെ ദൈവത്തിന്റെ പ്രവൃത്തിയിൽ യാതൊരുവിധ വൈരുദ്ധ്യവും ഇല്ല. വാസ്തവത്തിൽ മനുഷ്യന്റെ **നിലപാടിലാണ്** മാറ്റം സംഭവിച്ചത്. ഉല്പത്തി 1:1 ൽ പൂർണ്ണമായ വിശുദ്ധിയിൽ ആയിരുന്ന മനുഷ്യൻ ഉല്പത്തി 3-ാം അധ്യായത്തിൽ പാപ ത്തിൽ വീണതുകൊണ്ട് പാപിയായിത്തീർന്നതു കണ്ട് ദൈവത്തിനു ദുഃഖമുണ്ടായതായി ഉല്പത്തി 6-ാം അദ്ധ്യായം പറയുന്നു. ഉല്പത്തി 6:5-6 "ദൈവം സൃഷ്ടിച്ചവ അവന്റെ നോട്ടത്തിൽ നല്ലതാ യിരുന്നാലും അവ പാപത്തിന് ബാധിക്കപ്പെട്ടശേഷം ദൈവത്തിന് മനോവിഷമം ഉണ്ടായി."

ഉല്പത്തി 6:6-ൽ യഹോവ അനുതപിച്ചു എന്നു സൂചിപ്പിച്ചിട്ടുള്ളതിനാൽ 'ദൈവം മാറാ ത്തവൻ' (മലാഖി 3:6, സംഖ്യ 23:19, 1 ശമു 15:29) എന്നുള്ള വേദപുസ്തകസത്യത്തെ എതിർക്കു ന്നതായി വേദവിമർശകർ പറയുന്നതിനുള്ള കാരണമായിരിക്കുന്നു. എന്നാലും ദൈവത്തിന്റെ **അനു താപത്തെ** (അല്ലെങ്കിൽ മാനസാന്തരത്തെ) ദൈവത്തിന്റെ സ്വഭാവത്തിൽ ഉണ്ടായ മാറ്റമായി കരു തുന്നതു തെറ്റാകുന്നു. അവൻ ഒരിക്കലും മാറാത്ത **നിത്യ**ദൈവമായിരിക്കുന്നു. എന്നാൽ ദൈവ ത്തിന്റെ മാറ്റമില്ലാത്ത സ്വഭാവം മനുഷ്യന്റെ മാറ്റത്തിനു തക്കവണ്ണം അവരൊടൊപ്പം പ്രവർത്തി ക്കുന്നതു അടങ്ങിയിരിക്കുന്നു. അതായത് പാപിയെ ശിക്ഷിക്കുന്നതും പാപി മാനസാന്തരപ്പെടു മ്പോൾ അവനോടു ക്ഷമിക്കുന്നതും ദൈവത്തിന്റെ മാറാത്ത അംശമായിരിക്കുന്നു. യിരെമ്യാവു 18:7-10 ദൈവം ഇതിനെപ്പറ്റി താഴെ കാണും പ്രകാരം അറിയിച്ചു. ".....പറിച്ചു ഇടിച്ചു **നശിപ്പിച്ചുക ളയും** എന്നു ഞാൻ ഒരു ജാതിക്കു വിരോധമായും ഒരു രാജ്യത്തിനു വിരോധമായും പറഞ്ഞ ഉടനെ ആ ജാതിക്കാർ തങ്ങളുടെ **ദുഷ്ടത വിട്ടുതിരിയുന്നുവെങ്കിൽ** അതിനോടു ചെയ്‌വാൻ നിരൂപിച്ച ദോഷത്തെക്കുറിച്ചു ഞാൻ പണികയും നടുകയും ചെയ്യും എന്നും ഒരു ജാതിയെയും ഒരു രാജ്യത്തെയും കുറിച്ചു **ഞാൻ പറയും.** അവർ എന്റെ ശബ്ദം കേൾക്കാതെ എന്റെ നോട്ട ത്തിൽ **ദോഷമായതു ചെയ്യാതവണ്ണം** മനസ്സുമാറ്റും." ഇപ്രകാരം ഒരുവനെ ശിക്ഷിക്കുന്നതായി പറയുന്ന ദൈവം അവൻ മാനസാന്തരപ്പെടുമ്പോൾ **ശിക്ഷിക്കാതെ** ഇരിക്കുന്നതുകൊണ്ട് അവൻ മാറ്റമില്ലാത്ത ദൈവം അല്ല എന്നു തർക്കിക്കുന്നതു അർത്ഥമില്ലാത്തതു. വാസ്തവത്തിൽ മാറ്റം ദൈവത്തിൽ അല്ല മനുഷ്യനിലാണു സംഭവിച്ചത്. മാറ്റം ഉണ്ടാകുന്ന മനുഷ്യരുടേതായ ദൈവത്തിന്റെ നടപടികൾ മനുഷ്യനിൽ ഏർപ്പെട്ട മാറ്റത്തിന്റെ അടിസ്ഥാനത്തിലാണ് ദൈവത്തിന്റെ പ്രവൃത്തി കളും ആയിരിക്കുന്നത്.

## വൈരുദ്ധ്യം ഇല്ല നമ്പർ - 5

ഉല്പത്തി 2:17 വിലക്കപ്പെട്ട വൃക്ഷഫലം തിന്നുന്ന നാളിൽ ആദാം മരിക്കും എന്നു ദൈവം പറഞ്ഞു.

ഉല്പത്തി 5:5 വിലക്കപ്പെട്ട വൃക്ഷഫലം ഭക്ഷിച്ചശേഷവും നീണ്ടകാലം (മൊത്തം 930 വർഷങ്ങൾ) ആദാം ജീവിച്ചിരുന്നു.

ഉല്പത്തി പുസ്തകത്തിൽ വേദപുസ്തകവിമശകർ ചൂണ്ടിക്കാണിക്കുന്ന മറ്റൊരു വൈരുദ്ധ്യം ലോകത്തു ആദ്യമനുഷ്യനായ ആദാമിന്റെ മരണത്തെക്കുറിച്ചാകുന്നു. ഉല്പത്തി 2:17-ൽ

വിലക്കപ്പെട്ട വൃക്ഷഫലം തിന്നുന്ന നാളിൽ അവൻ മരിക്കും എന്നു ദൈവം കല്പിച്ചിരുന്നു. എന്നാൽ അവൻ ആ വൃക്ഷഫലം തിന്ന ഉടൻ മരിച്ചില്ല എന്നു മാത്രമല്ല അവൻ 930 വർഷങ്ങൾ ജീവനോടിരുന്നു. ഇതിനാൽ ദൈവത്തിന്റെ പ്രസ്താവന, അതായത് വിലക്കപ്പെട്ട വൃക്ഷഫലം തിന്നുന്ന നാളിൽ ആദാം മരിക്കും എന്നുള്ള മുന്നറിയിപ്പുകളായിരുന്നു എന്നു വേദപുസ്തകവിമർശകർ പറയുന്നു.

ഉല്പത്തി 2:17 ൽ ഉള്ള ദൈവത്തിന്റെ പ്രസ്താവനയും ആദാമിന്റെ ദീർഘായുസ്സും വൈരുദ്ധ്യമില്ലാത്ത നിലയിൽ മനസ്സിലാക്കുന്നതിനു വേദപുസ്തകത്തിൽ **മരണം** എന്നു പദം എത്ര മാത്രം അർത്ഥങ്ങളോടെ ഉപയോഗിച്ചിരിക്കുന്നു എന്നതു നാം അറിഞ്ഞിരിക്കണം. വാസ്തവത്തിൽ വേദപുസ്തകത്തിൽ **മരണം** എന്ന പദം മൂന്നു വിധത്തിലുള്ള അർത്ഥങ്ങളോടെ പ്രയോഗിച്ചിരിക്കുന്നു. ഒന്നു **ശാരീരിക മരണം,** രണ്ടാമത്തേതു **ആത്മീയമരണം** മൂന്നാമത്തേതു **നിത്യമരണം.** കൂടാതെ യഹൂദ ചിന്തയിൽ മരണം **വേർപാടിനെയാണു** സൂചിപ്പിക്കുന്നത്. ഇതനുസരിച്ചു മനുഷ്യശരീരത്തിൽ ഇരിക്കുന്ന ആത്മാവും പ്രാണനും ശരീരം **വിട്ടു പിരിഞ്ഞുപോകുന്നതാണു** ശാരീരികമരണം ആകുന്നു. എന്നാൽ **ആത്മീയമരണം** എന്നതു മനുഷ്യൻ ദൈവത്തെ **വിട്ടു പിരിയുന്നതാകുന്നു**. നിത്യമരണം ദൈവത്തിന്റെ സ്ഥായിയായ പിരിവായ **നരകയാതന**യാകുന്നു.

ലോകത്തിൽ ആദ്യമനുഷ്യരായ ആദാമും ഹവ്വയും ദൈവത്തിന്റെ കല്പന ലംഘിച്ചു വിലക്കപ്പെട്ട വൃക്ഷഫലം ഭക്ഷിച്ചപ്പോൾ ദൈവം മുന്നറിയിച്ചതുപോലെ അവർ ആത്മീയമരണം പ്രാപിച്ചു. അതായത് അവർ ആത്മീയപ്രകാരം ദൈവത്തെ **വിട്ടുപിരിഞ്ഞു**. ഇതു മുഖാന്തിരമാണു ദൈവം അവരെ സന്ദർശിക്കാൻ വന്നപ്പോൾ അവരെക്കൊണ്ടു ദൈവസാന്നിദ്ധ്യത്തിൽ ആയിരിക്കാൻ കഴിയാതിരുന്നതു അതുമാത്രവുമല്ല അതിനുശേഷം അവർക്കു ദൈവസാന്നിദ്ധ്യത്തിൽ വരാൻ സാധിക്കാതിരുന്നതു. ഏദെൻ തോട്ടത്തിൽ നിന്നു അവർ ഓടിക്കപ്പെട്ടു. **പാപം** ദൈവത്തെയും മനുഷ്യനെയും **വേർപിരിക്കുന്നു** എന്നതു വേദപുസ്തകം പഠിപ്പിക്കുന്ന പ്രധാന സത്യമാകുന്നു യെശ 59:2. ഇതു മുഖാന്തിരം ദൈവകല്പന ലംഘിച്ചു പാപം ചെയ്ത ആദാമും ഹവ്വയും ദൈവസാന്നിധ്യത്തിൽ ആയിരിക്കാൻ സാധിക്കാത്ത നിലയിലേക്കു തള്ളപ്പെട്ടു. ഇപ്രകാരമുള്ള **ആത്മീയമരണത്തെപ്പറ്റിയാണു** ദൈവം ഉല്പത്തി 2:7–ൽ സൂചിപ്പിച്ചിരിക്കുന്നത്.

## വൈരുദ്ധ്യം ഇല്ല നമ്പർ -6

ഉല്പത്തി 4:17 കയീൻ തന്റെ ഭാര്യയെ പരിഗ്രഹിച്ചു. അവൾ ഗർഭം ധരിച്ചു ഹാനോക്കിനെ പ്രസവിച്ചു.

ലേവ്യ 18:9 അപ്പന്റെ മകളോ അമ്മയുടെ മകളോ ആയ നിന്റെ സഹോദരിയുടെ നഗ്നത അനാവൃതമാക്കരുത്.

ഉല്പത്തി പുസ്തകം വായിക്കുന്ന എല്ലാവരുടെ മനസ്സിലും ഉണ്ടാകുന്ന ചോദ്യം ലോകത്തിലെ ആദിമമനുഷ്യരായ ആദാമിനും ഹവ്വയ്ക്കും ജനിച്ച കയീൻ ആരെ ആയിരിക്കും വിവാഹം ചെയ്തിരിക്കും? എന്നതാകുന്നു. കാരണം അവർ ലോകത്തിലെ ആദിമനുഷ്യർ. ഇവർക്കു ജനിച്ച മക്കൾ വിവാഹിതരാകുന്നതിനു അവരുടെ **സഹോദര-സഹോദരികൾ** ഇല്ലാതെ ലോകത്തിൽ മറ്റാരും ഇല്ല. ഇക്കാരണത്താൽ കയീൻ തന്റെ സഹോദരിയെത്തന്നെ വിവാഹം ചെയ്തിരിക്കും എന്നതിൽ യാതൊരുവിധ സംശയവും ഇല്ല. വേദപുസ്തകത്തിന്റെ പരിഭാഷകളിൽ ഈ വിഷയം

നേരിട്ടു സൂചിപ്പിച്ചിട്ടില്ലെങ്കിലും **ഉല്പത്തി പുസ്തകം** എഴുതപ്പെട്ട എബ്രായഭാഷയിൽ 4–ാം അദ്ധ്യായം 17–ാം വാക്യത്തിലുള്ള 'കയീൻ തന്റെ ഭാര്യയെ പരിഗ്രഹിച്ചു' എന്നുള്ള വാക്യത്തിൽ ഭാര്യ എന്നതിന് ഉപയോഗിച്ചിരിക്കുന്ന 'ഇഷ്ഷ' (Ishshah) എന്നുള്ള എബ്രായപദം ഇതു വ്യക്തമാക്കുന്നു. കാരണം ഇതു സാധാരണയായി ഭാര്യയെ സൂചിപ്പിക്കുന്നതിനു ആ ഭാഷയിൽ ഉപയോഗിക്കപ്പെടുന്ന പദം അല്ല. ഇതു **സ്ത്രീ** എന്നുള്ള അർത്ഥമുള്ള പദമാകുന്നു. ഈ പദം ഉല്പത്തി 2:23–ൽ **നാരി** എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നു.

അതുകൊണ്ട് 'കയീൻ ഒരു സ്ത്രീയെ പരിഗ്രഹിച്ചു' എന്നുള്ളതാണു ഉല്പത്തി 4:17 ന്റെ നേരിട്ടുള്ള പരിഭാഷയാകുന്നു. ഉല്പത്തി പുസ്തക്കിൽ ആദാം –ഹവ്വ എന്നിവരുടെ മൂന്നു ആൺമക്കളുടെ പേരുകൾ മാത്രമേ സൂചിപ്പിച്ചിട്ടുള്ളൂ എങ്കിലും ഉല്പത്തി 5:4 ൽ "**ശേത്തിനെ ജനിപ്പിച്ച ശേഷം** ആദാം എണ്ണൂറു സംവത്സരം ജിവിച്ചിരുന്നു പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു" എന്നു സൂചിപ്പിച്ചരിക്കുന്നു. അതുകൊണ്ട് "കയീൻ ഒരു സ്ത്രീയെ പരിഗ്രഹിച്ചു" എന്നു പറയുമ്പോൾ തന്റെ കാലത്തുണ്ടായിരുന്ന സ്ത്രീകളിൽ ഒരുത്തിയെ അതായത് തന്റെ **സഹോദരികളിൽ ഒരുത്തിയെ** വിവാഹം കഴിച്ചു.

എബ്രായ പദരീതിയിൽ പരിഗ്രഹിച്ചു എന്നുള്ള പദം ഈ വചനത്തിൽ **ലൈംഗിക**ബന്ധമായി പ്രയോഗിച്ചിരിക്കുന്നു.

കയീൻ തന്റെ സഹോദരിയെ തന്നെ വിവാഹം കഴിച്ചു എന്നു ഉല്പത്തി 4:17–ൽ നേരിട്ടു തന്നെ (അതായതു മൂലഭാഷ) സൂചിപ്പിച്ചിരിക്കുന്നതിനാൽ ഇതു ലേവ്യ 18:9–ൽ പറഞ്ഞിട്ടുള്ള 'അപ്പന്റെ മകളോ അമ്മയുടെ മകളോ ആയ നിന്റെ **സഹോദരി**യുടെ നഗ്നത അനാവൃതമാക്കരുത്' എന്നുള്ള കല്പനയെ വൈരുദ്ധ്യപ്പെടുത്തുന്നതായി വേദപുസ്തകവിമർശകർ പറയുന്നു.

വാസ്തവത്തിൽ മോശയുടെ കാലത്തിൽ ന്യായപ്രമാണം കൊടുക്കപ്പെടുംവരെ വളരെ അടുത്ത ബന്ധുക്കളിലുള്ള അബ്രഹാമും തന്റെ **സഹോദരിയെതന്നെ** വിവാഹം ചെയ്തിരുന്നു.

വേദപുസ്തക ചരിത്രത്തിൽ മോശയുടെ കാലത്തിൽ യിസ്രായേൽ ജനങ്ങൾക്കു ന്യായപ്രമാണം നൽകപ്പെടുന്നതിനു മുമ്പുള്ള കാലം **മനഃസാക്ഷിയുടെ** കാലം എന്നു വിളിക്കുന്നു. അക്കാലത്തു ജനങ്ങൾ തങ്ങളുടെ **മനഃസാക്ഷി അനുസരിച്ചു** ജീവിക്കുന്നതിന് ദൈവം അനുവദിച്ചിരുന്നു. ഇതു മുഖാന്തിരം വളരെ അടുത്ത ബന്ധുക്കളിലുള്ള വിവാഹവും ബഹുഭാര്യാത്വവും അക്കാലത്തിൽ ഉണ്ടായിരുന്നു. അക്കാലത്തിൽ മനുഷ്യർ തങ്ങളുടെ മനഃസാക്ഷി അനുസരിച്ചു നന്മയും തിന്മയും അറിഞ്ഞു ജീവിക്കുന്ന രീതിയിൽ ദൈവം തന്റെ പ്രമാണങ്ങളെ മനുഷ്യരുടെ ഉള്ളിൽ എഴുതിവച്ചിരുന്നു റോമർ 2:14,15.

ഇതിനാൽ ദൈവം അക്കാലത്തിൽ "സകലജനങ്ങളെയും" അവൻ സകലജാതികളെയും സ്വന്ത വഴികളിൽ നടപ്പാൻ സമ്മതിച്ചു അപ്പോ 14:16.

അവരുടെ അറിയായ്മയുടെ കാലങ്ങളെ **ദൈവം ലക്ഷ്യമാക്കിയില്ല** (അപ്പോ 17:36). അതുകൊണ്ടു ന്യായപ്രമാണം കൊടുക്കുന്നതിനു മുമ്പുള്ള കാലത്തെ ജനങ്ങളുടെ ജീവചരിത്രം ദൈവത്തിന്റെ ഇപ്ര കാരമുള്ള പ്രവൃത്തിയെ അതായതു അവരുടെ പാപങ്ങൾ കണക്കിടാതെ വിട്ടിരുന്നതു കരുതി **അക്കാല ജനങ്ങളുടെ ജീവിതരീതിയെ** നാം കുറ്റപ്പെടുത്താൻ പാടില്ല. കാരണം **ന്യായപ്രമാണം ഇല്ലാതിരുന്ന കാലത്തിൽ** മനുഷ്യർക്കു പാപം എന്നാൽ എന്തു എന്നു അറിയാത്തവരായിരുന്നു (റോമർ 7:7).

## വൈരുദ്ധ്യം ഇല്ല നമ്പർ – 7

ഉല്പത്തി 7:17 ഭൂമിയിൽ നാല്പതുദിവസം ജലപ്രളയം ഉണ്ടായി.

ഉല്പത്തി 7:24 വെള്ളം ഭൂമിയിൽ നാല്പതുദിവസം പൊങ്ങിക്കൊണ്ടിരുന്നു.

നോഹയുടെ കാലത്തിൽ ജലപ്രളയത്തിനാൽ മുഴുലോകവും നശിച്ചുപോയ സംഭവത്തെ അതു സത്യം എന്നു സ്വീകരിക്കാതെ വേദപുസ്തകത്തിൽ സൂചിപ്പിച്ചിരിക്കുന്ന ഈ സംഭവത്തിലും വൈരുദ്ധ്യങ്ങൾ ഉള്ളതായി പറയുന്നു. ഈ സംഭവത്തിൽ ചൂണ്ടിക്കാണിക്കുന്ന മുഖ്യമായ വൈരുദ്ധ്യം ആ കാലത്തു എത്ര ദിവസം ജലപ്രളയം ഉണ്ടായിരുന്നു എന്നതിനെക്കുറിച്ചാകുന്നു. കാരണം ഉല്പത്തി 7:17–ൽ "ഭൂമിയിൽ നാല്പതുദിവസം ജലപ്രളയം ഉണ്ടായി" എന്നു സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ ഉല്പത്തി 7:24 അനുസരിച്ച് 'വെള്ളം ഭൂമിയിൽ നൂറ്റമ്പതു ദിവസം പൊങ്ങിക്കൊണ്ടിരുന്നു എന്നു കാണുന്നു. അതുകൊണ്ടു വാസ്തവത്തിൽ എത്ര ദിവസം ഭൂമിയിൽ ജലപ്രളയം ഉണ്ടായിരുന്നു എന്നുള്ളതു ശരിയായ രീതിയിൽ പറഞ്ഞിട്ടില്ലാത്ത ഈ സംഭവം വൈരുദ്ധ്യമുള്ളതു മാത്രമല്ല ഒരു സങ്കല്പ കഥയായും വേദപുസ്തക വിമർശകരാൽ കരുതപ്പെടുന്നു.

നോഹയുടെ കാലത്തിൽ ഉണ്ടായ ജലപ്രളയ സംഭവത്തിൽ വൈരുദ്ധ്യങ്ങൾ ചൂണ്ടിക്കാണിക്കുന്നവർ, ഈ സംഭവം ശ്രദ്ധിച്ചു വായിക്കാത്തവരായിരിക്കുന്നു. ജലപ്രളയം ഉണ്ടാകുന്നതിനു ഏഴു ദിവസങ്ങൾക്കു മുമ്പു ദൈവം നോഹയോടു 'നാല്പതു ദിവസം ഭൂമയിൽ മഴ പെയ്യും' ഉല്പത്തി 7:4 എന്നു അറിയിച്ചിരുന്നു. ദൈവം പറഞ്ഞിരുന്ന പ്രകാരം 'നാല്പതു രാവും നാല്പതു പകലും ഭൂമിയിൽ മഴ പെയ്തു' എന്നു 12–ാം വചനത്തിൽ പറയുന്നു. ആ നാല്പതു ദിവസങ്ങളും ഭൂമിയിൽ ജലപ്രളയം ഉണ്ടായി എന്നാണു 17–ാം വചനത്തിൽ പറഞ്ഞിരിക്കുന്നത്. നാല്പതു ദിവസങ്ങൾ പെയ്ത മഴയാൽ ഉണ്ടായ ജലപ്രളയത്താൽ ഭൂമിയിൽ നൂറ്റമ്പതു ദിവസം വെള്ളം പൊങ്ങിക്കൊണ്ടിരുന്നു എന്നാണ് 24–ാം വചനം നമ്മെ അറിയിക്കുന്നതു. അതുകൊണ്ടു ഈ സംഭവത്തിൽ യാതൊരുവിധ വൈരുദ്ധ്യവും ഇല്ല. നാല്പതു ദിവസം പെയ്ത മഴയിൽ ഉണ്ടായ വെള്ളപ്പൊക്കം നൂറ്റമ്പതു ദിവസം ഉണ്ടായിരുന്നു. നൂറ്റമ്പതു ദിവസങ്ങൾക്കുശേഷം വെള്ളം വറ്റിപ്പോയി എന്നു 8–ാം അദ്ധ്യായം 3–ാം വചനത്തിൽ സൂചിപ്പിച്ചിരിക്കുന്നു.

## വൈരുദ്ധ്യം ഇല്ല നമ്പർ – 8

ഉല്പത്തി 10: 5, 20, 31 – ബാബേൽ ഗോപുര സംഭവത്തിനു മുമ്പു ലോകത്തിൽ പല ഭാഷകൾ ഉണ്ടായിരുന്നു.

ഉല്പത്തി 11:1 ബാബേൽ ഗോപുരസംഭവത്തിനു മുമ്പു ഒരേ ഭാഷയും ഒരേ വാക്കും ആയിരുന്നു.

ഉല്പത്തി പുസ്തകത്തിൽ അനേകർ ചൂണ്ടിക്കാണിക്കുന്ന മുഖ്യമായ വൈരുദ്ധ്യങ്ങളിൽ ഒന്നു മനുഷ്യരുടെ ഭാഷയെക്കുറിച്ചാകുന്നു. ഉല്പത്തി 10–ാം അദ്ധ്യായത്തിൽ ലോകത്തിൽ പല ഭാഷകൾ ഉണ്ടായിരുന്നതായി മൂന്നു തവണ സൂചിപ്പിച്ചിരിക്കുന്നു – ഉല്പത്തി 10:5, 20, 31. എന്നാൽ അടുത്ത അദ്ധ്യായം ഇതു വൈരുദ്ധ്യപ്പെടുത്തുന്ന വിധത്തിൽ ലോകത്തിൽ ഒരേയൊരു ഭാഷ മാത്രമേ അതുവരെ ഉണ്ടായിരുന്നതായി പറയുന്നതോടൊപ്പം ഈ അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുള്ള സംഭവം തന്നെ ലോകത്തിൽ പല ഭാഷകൾ ഉണ്ടാകുന്നതിനു കാരണം എന്നതും നമ്മെ ബോധ്യപ്പെടുത്തുന്നു – ഉല്പത്തി 11:1, 6, 9. ഇതിനാൽ ഈ രണ്ടു അദ്ധ്യായങ്ങളും ഒന്നിനൊന്നു വൈരുദ്ധ്യമുള്ളതായി വേദപുസ്തക വിമർശകർ പറയുന്നു.

ഉല്പത്തി 10, 11 എന്നീ അദ്ധ്യായങ്ങൾ കാലക്രമ ചിട്ടയിൽ അല്ല എഴുതിയിരിക്കുന്നത്. അതായത് 10–ാം അദ്ധ്യായ സംഭവങ്ങൾ നടന്നു കഴിഞ്ഞ ഉടനെ അല്ല 11–ാം അദ്ധ്യായ സംഭവങ്ങൾ എഴുതിയിരിക്കുന്നതു. മാത്രവുമല്ല 10–ാം അദ്ധ്യായവും ആരംഭം മുതൽ അവസാനം വരെ കാലക്രമചിട്ടയിൽ അല്ല. ഈ അദ്ധ്യായം മൂന്നു ഭാഗങ്ങളായിരിക്കുന്നതോടൊപ്പം (10:2–5, 10:6–20, 10:21–32) ഒരു ഭാഗം അവസാനിക്കുന്ന കാലത്തിൽ നിന്നും അടുത്ത ഭാഗം ആരംഭിക്കാതെ ഒന്നാം ഭാഗം എപ്പോൾ ആരംഭിച്ചുവോ അതേ കാലത്തിലേക്കു വീണ്ടും പോകുന്നു. കാരണം ജലപ്രളയത്തിനുശേഷം നോഹയുടെ വംശം എപ്രകാരം സമൃദ്ധിയായി എന്നതു അറിയിക്കുന്ന അവന്റെ മൂന്നു മക്കളുടെ വംശാവലിയാണു ഈ അദ്ധ്യായത്തിൽ ഉള്ളത് (ഉല്പത്തി 10:1–2, 10:6, 10:21). ഇതിനാൽ ഓരോ സൂചിപത്രം (Index) ഒരേ കാലത്തിൽ തന്നെ അതായത് നോഹയുടെ മൂന്നു മക്കളായ ശേം, ഹാം, യാഫെത്ത് എന്നിവരുടെ കാലത്തു തന്നെ ആരംഭമാകുന്നു. ഈ സൂചിപത്രപ്രകാരം ജലപ്രളയത്തിനുശേഷം നോഹയുടെ മൂന്നു മക്കളുടെ വംശം ലോകത്തിന്റെ പലഭാഗങ്ങളിൽ താമസമായതോടൊപ്പം വ്യത്യസ്തഭാഷകൾ സംസാരിക്കുന്നവരായും ഇരുന്നു (ഉല്പത്തി 10:5, 10:20, 10:32).

10–ാം അദ്ധ്യായത്തിൽ നോഹയുടെ മക്കളുടെ വംശം മുഖാന്തിരം ജനങ്ങൾ പ്രത്യേകം പ്രത്യേകം വർഗ്ഗങ്ങളായും വിവിധ ഭാഷകൾ സംസാരിക്കുന്നവരായും ലോകത്തിൽ പല ഭാഗങ്ങളിൽ വസിക്കുന്നവരായും ഉണ്ടായിരുന്ന വിവരം നൽകിയ ഉല്പത്തി പുസ്തക എഴുത്തുകാരൻ 11–ാം അദ്ധ്യായത്തിൽ ഒരു സ്ഥലത്തു താമസിച്ച ജനങ്ങൾ എങ്ങനെ വെവ്വേറെ സ്ഥലങ്ങളിൽ പോയി എന്നുള്ളതും എങ്ങനെ വിവിധ ഭാഷകൾ ഉണ്ടായി എന്നതും വിശദമാക്കിയിരിക്കുന്നു. വാസ്തവത്തിൽ 10–ാം അദ്ധ്യായം 5, 20, 32 വചനങ്ങളിൽ സൂചിപ്പിച്ചിരിക്കുന്ന പിരിവുകൾ എങ്ങനെ സംഭവിച്ചു എന്നുള്ളതാണ് 11–ാം അദ്ധ്യായത്തിന്റെ ആദ്യ 9 വചനങ്ങളും നമ്മെ മനസ്സിലാക്കുന്നത്. 10–ാം അദ്ധ്യായം വായിക്കുന്നവരുടെ മനസ്സിൽ ഉണ്ടാകുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരമായിട്ടാണ് 11–ാം അദ്ധ്യായം ഉള്ളത്. അതായതു ഒരേ സ്ഥലത്തിൽ ജീവിച്ച നോഹയുടെ മക്കളുടെ വംശം എന്തുകൊണ്ടു മറ്റു സ്ഥലങ്ങളിൽ പോയി? ഒരേ ഭാഷ സംസാരിച്ചവർ എങ്ങനെ വേറെ ഭാഷകൾ സംസാരിക്കാൻ ആരംഭിച്ചു എന്നുള്ള ചോദ്യങ്ങൾക്കു മറുപടി നൽകുന്ന വിധത്തിൽ ആണ് 11–ാം അദ്ധ്യായം എഴുതപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ഈ അദ്ധ്യായം 10–ാം അദ്ധ്യായത്തെ യാതൊരു വിധത്തിലും വൈരുദ്ധ്യപ്പെടുത്തുന്നില്ല.

## വൈരുദ്ധ്യം ഇല്ല നമ്പർ – 9

ഉല്പത്തി 50:13 അബ്രഹാം ഹിത്യനായ എഫ്രോനോടു നിലത്തോടു കൂടെ ശ്മശാനഭൂമിയായി ജന്മം വാങ്ങിയ മക്പേല എന്ന നിലത്തിലെ ഗുഹയിൽ യാക്കോബിനെ അടക്കം ചെയ്തു.

അ:പ്ര: 7:15–16 ശെഖേമിൽ എമ്മോരിന്റെ മക്കളോടു അബ്രഹാം വില കൊടുത്തു വാങ്ങിയ കല്ലറയിൽ യാക്കോബിനെ അടക്കം ചെയ്തു.

വേദപുസ്തകത്തിൽ വൈരുദ്ധ്യങ്ങൾ ഉള്ളവ എന്നു തർക്കിക്കുന്ന വിമർശകർ ചൂണ്ടിക്കാണിക്കുന്ന ഭാഗങ്ങളിൽ ഒന്നു യാക്കോബിനെ അടക്കം ചെയ്യപ്പെട്ട സ്ഥലത്തെക്കുറിച്ചാകുന്നു. ഉല്പത്തി 50:13 അനുസരിച്ചു എഫ്രോനോടു നിലത്തോടുകൂടെ ശ്മശാനഭൂമിയായി ജന്മം വാങ്ങിയ 'മക്പേല' എന്ന നിലത്തിൽ യാക്കോബിനെ അടക്കം ചെയ്തു. എന്നാൽ പുതിയ നിയമത്തിൽ ഈ സംഭവം ചൂണ്ടിക്കാണിക്കുന്ന സ്തെഫാനൊസ്, ശെഖേമിൽ എമ്മോരിന്റെ മക്കളോടു

അബ്രഹാം വിലകൊടുത്തു വാങ്ങിയ കല്ലറയിൽ യാക്കോബിനെ അടക്കം ചെയ്തു എന്നു സൂചിപ്പിച്ചിരിക്കുന്നു (അപ്പോ.പ്ര.7:15,16). ചില വേദപുസ്തകഗവേഷകർ പോലും സ്തെഫാനൊസും അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം എഴുതിയ **ലൂക്കൊസും** ഈ വിഷയത്തിൽ വലിയ ഒരു **ചരിത്ര തെറ്റു** ചെയ്തതായി കരുതുന്നു.

വേദപുസ്തകചരിത്രം അനുസരിച്ചു മുൻ പിതാക്കളായ അബ്രഹാം, യാക്കോബ്, യിസ്ഹാക്ക് എന്നിവർക്കു **കനാൻ** ദേശത്തിൽ **രണ്ടു കല്ലറ ഭൂമികൾ** ഉണ്ടായിരുന്നതായി പറയുന്നു. ഇവയിൽ ഒന്നു, അബ്രഹാം തന്റെ ഭാര്യ സാറ മരിച്ചപ്പോൾ അവളെ അടക്കം ചെയ്യുന്നതിനായി ഹിത്യനായ **എഫ്രോനോടു** വില കൊടുത്തു വാങ്ങിയ നിലമാകുന്നു (ഉല്പത്തി 23:3–20). അബ്രഹാമിന്റെ ഭാര്യ **സാറ** മാത്രമല്ല, അവരുടെ മകൻ **യിസ്ഹാക്ക്**, മരുമകൾ റെബേക്ക ചെറുമകൻ **യാക്കോബ്,** യാക്കോബിന്റെ ഭാര്യ **ലേയ** എന്നിവരും ഇവിടെത്തന്നെയാണ് അടക്കം ചെയ്യപ്പെട്ടത് (ഉല്പത്തി 25:9, 49:31, 50:13). മുൻ പിതാക്കലുടെ രണ്ടാമത്തെ കല്ലറ ഭൂമി ശെഖേമിൽ എമ്മോരിന്റെ മക്കളോടു യാക്കോബ് വാങ്ങിയ നിലമാകുന്നു (ഉല്പത്തി 33:18–20). ഈ നിലത്തിലുള്ള കല്ലറയിലാണ് മിസ്രയീമിൽ നിന്നു കൊണ്ടുവന്ന **യോസേഫിന്റെ** അസ്ഥികൾ വച്ചതോടൊപ്പം അവന്റെ സന്തതിയുടെ **കുടുംബ കല്ലറയായും** ഇരുന്നു (യോശുവ 24:32). അപ്പോ.പ്ര. 7–ാം അദ്ധ്യായത്തിൽ പഴയനിയമചരിത്രം **സ്തെഫാനോസ്** ചുരുക്കമായി പറഞ്ഞിട്ടുള്ളതിനാൽ **മുൻ പിതാക്കളുടെ** രണ്ടു കല്ലറ ഭൂമികളെയും അവർ വേർപെടുത്തി സൂചിപ്പിച്ചിട്ടില്ല. അതു മുഖാന്തിരമുണ്ടായ കുഴപ്പമാണിത്.

വാസ്തവത്തിൽ തങ്ങളുടെ പൂർവ്വീകന്മാർ ശേഖേമിലുള്ള കല്ലറ ഭൂമിയിൽ അടക്കം ചെയ്യപ്പെട്ടു എന്നതാണ്. അ.പ്ര 7:15,16–ൽ സ്തെഫാനൊസ് ചൂണ്ടിക്കാണിച്ചത്. ഇതിനാൽ ഹെബ്രോനിൽ ഉള്ള കല്ലറയിൽ യാക്കോബ് അടക്കപ്പെട്ടതു സ്തെഫാനൊസ് വ്യത്യസ്തമായി കാണിച്ചിട്ടില്ല. ഏതായാലും ശെഖേമിൽ ഉള്ള നിലം അബ്രഹാം വാങ്ങിയതായി സ്തെഫാനൊസ് സൂചിപ്പിച്ചതു **തെറ്റായിട്ടാണു നമുക്കു തോന്നുന്നത്** (അപ്പോ.പ്ര.7:16). കാരണം ഇതു യാക്കോബ് വാങ്ങിയ നിലമായിട്ടാണ് ഉല്പത്തി 33:18–20 ൽ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ ഇത് നേരത്തെ **അബ്രഹാമിനാൽ** വാങ്ങപ്പെട്ട നിലം എന്നതു **ഒന്നാം നൂറ്റാണ്ടിലുള്ള** യെഹൂദന്മാരുടെ പാരമ്പര്യകുറിപ്പുകൾ നമ്മെ മനസ്സിലാക്കുന്നത് അബ്രഹാം ആദ്യമായി കനാനിൽ ചെന്നപ്പോൾ ശെഖേമിലുള്ള ഈ നിലം വാങ്ങി യഹോവയ്ക്കു അവിടെ ബലിപീഠം പണിതു (ഉല്പത്തി 12:6,7).

ഉല്പത്തി പുസ്തകത്തിൽ അബ്രഹാം ഈ നിലം വാങ്ങി എന്നു സൂചിപ്പിച്ചില്ലെങ്കിലും അക്കാലത്തു കനാനിൽ ജീവിച്ചിരുന്ന ഈ നിലത്തിൽ അവൻ ഒരു ബലിപീഠം പണിതതു അവൻ ആ നിലം വാങ്ങി എന്നതിനെയാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്. എന്നാലും അതിനുശേഷം അബ്രഹാം വേറെ സ്ഥലത്തേയ്ക്ക് പോയതിനാൽ ഈ നിലം എമ്മോരിന്റെ മക്കൾ ഈ നിലം ആക്രമിച്ചു കൈവശപ്പെടുത്തി. അതുകൊണ്ട് പിൽക്കാലത്തിൽ അവരിൽ നിന്നു യാക്കോബ് ഈ നിലത്തെ തിരിച്ചുവാങ്ങി. ഇതു ബേർ–ശേബയിൽ അബ്രഹാം കുഴിച്ച കിണറുകളെ (ഉല്പത്തി 21:27–34). പില്ക്കാലത്തിൽ അവന്റെ മകൻ യിസ്ഹാക്കിനു വീണ്ടും വാങ്ങേണ്ടി വന്നു (ഉല്പത്തി 26:23–33). വാസ്തവത്തിൽ അബ്രഹാമിന്റെ പേരിലാണ് യാക്കോബ് ശെഖേമിൽ ഉള്ള ആ നിലം വാങ്ങിയത്. അതുകൊണ്ടു ഈ നിലം അബ്രഹാമിനാൽ വാങ്ങപ്പെട്ട വിവരം യെഹൂദന്മാരുടെ പാരമ്പര്യകുറിപ്പിൽ ഉണ്ട്.

## വൈരുദ്ധ്യം ഇല്ല നമ്പർ – 10

പുറപ്പാട് 6:2,3 യഹോവ എന്ന നാമത്തിൽ ഞാൻ മുൻപിതാക്കൾക്കു വെളിപ്പെട്ടില്ല.

ഉല്പത്തി 22:14–16 യഹോവ എന്നുള്ള നാമം മുൻ പിതാക്കൾ അറിഞ്ഞിരുന്നു.

പുറപ്പാടു പുസ്തകം വായിക്കുമ്പോൾ ദൈവം മോശെയ്ക്കാണ് ആദ്യമായി തന്റെ നാമം **യഹോവ** (മൂലഭാഷയിൽ ശരിയായ ഉച്ചാരണം **യാവേ**) എന്നുള്ളതു വെളിപ്പെടുത്തി എന്നുള്ള ചിന്ത നമുക്കുണ്ടാകുന്നു. പുറപ്പാട് 6:2,3–ൽ ദൈവം മോശയെ നോക്കി 'ഞാൻ യഹോവ ആകുന്നു. ഞാൻ അബ്രഹാമിനും യിസ്ഹാക്കിനും യാക്കോബിനും സർവ്വശക്തിയുള്ള ദൈവമായിട്ടു പ്രത്യക്ഷനായി. എന്നാൽ **യഹോവ** എന്ന നാമത്തിൽ ഞാൻ അവർക്കു വെളിപ്പെട്ടില്ല എന്നു സൂചിപ്പിച്ചിരിക്കുന്നു.

ഇതിനു മുമ്പുള്ള കാലത്തിൽ **യഹോവ** എന്ന പേരിനാൽ തന്റെ മുൻ പിതാക്കളായ അബ്രഹാമിനും, യിസ്ഹാക്കിനും യാക്കോബിനും വെളിപ്പെട്ടില്ല എന്നു ദൈവം തന്നെ പറയുന്നതുകൊണ്ടു ഉല്പത്തി 22:14 ൽ അബ്രഹാം ദൈവത്തെ യഹോവ എന്നു വിളിച്ചത് വലിയ ഒരു വൈരുദ്ധ്യമായും ദൈവത്തിന്റെ തന്നെ പ്രസ്താവനയെ കളവാക്കുന്നതായും ഇരിക്കുന്നതായി വേദപുസ്തകവിമർശകർ പറയുന്നു.

വാസ്തവത്തിൽ ഉല്പത്തി പുസ്തകത്തിൽ **യഹോവ** മൂലഭാഷയിൽ **യാവേ** എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ സർവ്വശക്തനായ ദൈവം എന്ന പേർ 6 തവണ മാത്രമേ ഉള്ളൂ. ഇതിനാൽ ദൈവം മോശയോടു **സർവ്വശക്തനായ ദൈവം** എന്ന നാമത്താൽ ഞാൻ അബ്രഹാമിനും, യിസ്ഹാക്കിനും യാക്കോബിനും ദർശനം നൽകി. എന്നാലും യഹോവ എന്നുള്ള എന്റെ നാമത്തിൽ ഞാൻ അവർക്കു വെളിപ്പെട്ടില്ല എന്നു മോശയോടു പറയുന്നതു നമുക്കു അധികം കുഴപ്പത്തെയാണുണ്ടാക്കുന്നത്. മാത്രമല്ല ദൈവം അബ്രഹാമിനും യാക്കോബിനും **യഹോവ (യാവേ** – കർത്താവ്) എന്ന പേരിനാലാണ് തന്നെ വെളിപ്പെടുത്തിയത് (ഉല്പത്തി 17:7, 28:13) എന്നീ വചനങ്ങൾ നമ്മെ മനസ്സിലാക്കുന്നു. ഇതു മുഖാന്തിരം അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നീ മുൻ പിതാക്കൾ ഈ പേരുകൾ നന്നായി അറിഞ്ഞവരായിരുന്നു എന്നതു യാതൊരുവിധത്തിലും നിഷേധിക്കാൻ സാധ്യമല്ല.

വാസ്തവത്തിൽ പുറപ്പാടിൽ ഉള്ള ദൈവത്തിന്റെ പ്രസ്താവന വളരെയധികം ചർച്ചാവിഷയമാകുന്നു. വ്യത്യസ്തമായ കാലഘട്ടത്തിൽ എഴുതപ്പെട്ട നാലു രേഖകൾ ഒന്നായി ചേർക്കപ്പെട്ട നിലയിലാണ് വേദപുസ്തകത്തിലെ ആദ്യ അഞ്ചു പുസ്തകങ്ങളും ഉണ്ടായിരുന്നു എന്നുള്ള ആശയം വേദപുസ്തക ഗവേഷകരുടെ ഇടയിൽ പ്രാബല്യത്തിലാകുന്നു.

ഇതനുസരിച്ചു **ദൈവത്തിന്റെ വ്യത്യസ്തമായ പേരുകൾ** വ്യത്യസ്തമായ കാലഘട്ടത്തിൽ എഴുതപ്പെട്ട രേഖകളിൽ നിന്നു വന്നതിനാൽ ഇവയിൽ വൈരുദ്ധ്യങ്ങൾ നോക്കുന്നതു അർത്ഥശൂന്യം എന്നു കരുതപ്പെടുന്നു.

വേദപുസ്തകത്തിലെ ആദ്യ അഞ്ചു പുസ്തകങ്ങളിൽ ഉള്ള വൈരുദ്ധ്യങ്ങൾ ലഘുവായി വിശദീകരിക്കുന്നതിനു ഈ ആശയം സ്വീകാര്യയോഗ്യമായിരുന്നാലും ഇതു **വേദപുസ്തക ഗവേഷകരുടെ ഊഹം** അല്ലാതെ അതിൽ സത്യം ഇല്ല. വേദപുസ്തകഗവേഷകർ പറയുന്ന നാലുരേഖകൾ ഉണ്ടായിരുന്നു എന്നതിനു യാതൊരു വിധ തെളിവുകളും ഇല്ല.

ചില വേദപുസ്തക ഗവേഷകർ പുറപ്പാട് 6:3 ൽ ഉള്ള ദൈവത്തിന്റെ പ്രസ്താവന സംശയാസ്പദമായ ഒരു ചോദ്യമായിട്ടാണ് വിവർത്തനം ചെയ്യേണ്ടതു എന്നു പറയുന്നു. ഇതനുസരിച്ചു ഈ വചനത്തിന്റെ രണ്ടാമത്തെ വാക്യം ആയാലും **യഹോവ** എന്നുള്ള എന്റെ നാമത്തിനാൽ ഞാൻ അവർക്കു പ്രത്യക്ഷനായി എന്നു ദൈവം തന്നെ പറയുന്നു. വാസ്തവത്തിൽ ഇപ്രകാരം ദൈവം മുൻ പിതാക്കൾക്കു വെളിപ്പെട്ടു എന്നതു ഉല്പത്തി പുസ്തകം ഉറപ്പാക്കുന്നു. എന്നാലും ദൈവത്തിന്റെ പ്രസ്താവന ഒരു ചോദ്യമാക്കുന്നതിനു വ്യാകരണരീതിയായി ചൂണ്ടിക്കാണിക്കുന്ന കാരണങ്ങൾ തൃപ്തികരമല്ല. ഇതുകൊണ്ടാണു വേദപുസ്തക പരിഭാഷയിൽ ദൈവത്തിന്റെ പ്രസ്താവന ചോദ്യമായിരിക്കത്ത വിധത്തിൽ സൂചിപ്പിച്ചിട്ടില്ല.

ദൈവത്തിന്റെ പേര് **യഹോവ** (മൂലഭാഷയിൽ **യാവേ**) എന്നതു മുൻ പിതാക്കൾ അറിഞ്ഞിരുന്നതിനാൽ മോശയ്ക്കാണു ഈ പേർ ആദ്യമായി വെളിപ്പെടുത്തപ്പെട്ടു എന്നു പുറപ്പാട് 6:3–ൽ പറഞ്ഞിട്ടില്ല. വാസ്തവത്തിൽ ദൈവത്തിന്റെ പേരല്ല, ആ പേരിന്റെ **മഹത്വവും ശക്തിയും** നല്ല അംശവുമാണ് മോശയ്ക്കു ആദ്യമായി വെളിപ്പെടുത്തിയത്. എബ്രായ ഭാഷാരീതിയിൽ നാമം എന്ന പദം ഒരാളിന്റെ പേരു മാത്രമല്ല ആ വ്യക്തിയുടെ സ്വഭാവവും (ഗുണാതിശയം) വെളിപ്പെടുത്തുന്ന വിവരമായിരുന്നു. അതുകൊണ്ടു പുറപ്പാടു 6:2,3 ൽ ദൈവം മോശയെ നോക്കി ഞാൻ അബ്രഹാമിനും യിസ്ഹാക്കിനും യാക്കോബിനും സർവ്വശക്തിയുള്ള ദൈവമായിട്ടു പ്രത്യക്ഷനായി. എന്നാൽ യഹോവ എന്ന നാമത്തിൽ ഞാൻ അവർക്കു വെളിപ്പെട്ടില്ല എന്നു പറയുമ്പോൾ തന്റെ പേരു **യഹോവ** എന്നും (ഞാൻ യഹോവ) മുൻ പിതാക്കൾക്കു തന്നെ സർവ്വശക്തിയുള്ളവനായി വെളിപ്പെടുത്തി എന്നും അറിയിക്കുന്നു. അതായത് മുൻ പിതാക്കൾ ദൈവത്തിന്റെ പേരു യഹോവ എന്നതു അറിഞ്ഞിരുന്നാലും ആ ദൈവം സർവ്വശക്തൻ എന്നാണ് അറിഞ്ഞിരുന്നത്. എന്നാൽ അവർ യഹോവ എന്ന പേരിൽ പൂർണ്ണമായ അർത്ഥം അറിയാത്തവരായിരുന്നു. ഈ പേരിന്റെ അർത്ഥം ആദ്യമായി മോശയ്ക്കു വെളിപ്പെടുത്തി. ഇതിനെയാണ് എന്നാൽ **യഹോവ** എന്ന നാമത്തിൽ ഞാൻ അവർക്കു വെളിപ്പെട്ടില്ല എന്നുള്ള വാക്യം സൂചിപ്പിക്കുന്നത്.

വാസ്തവത്തിൽ **യഹോവ** എന്നതു മൂലഭാഷയിൽ **യാവേ** എന്ന പേരിന്റെ അർത്ഥം പുറപ്പാട് 3–ാം അദ്ധ്യായത്തിലാണ്  ആദ്യമായി വെളിപ്പെടുത്തിയത്. യിസ്രായേൽ ജനത്തെ വിടുവിക്കുന്നതിനു ദൈവം മോശയെ അയച്ചപ്പോൾ ഈ പേരിന്റെ അർത്ഥം ദൈവം അവനു വിശദീകരിച്ചു കൊടുത്തത് ഇതുകൊണ്ടാണ്. നിന്റെ **നാമം എന്തെന്നു** മോശ ചോദിച്ചപ്പോൾ **ഞാൻ ആകുന്നവൻ ഞാൻ ആകുന്നു** എന്നു തന്റെ **പേരിന്റെ അർത്ഥം** അവനു വെളിപ്പെടുത്തി (പുറ 3:13,14). അതുകൊണ്ടാണ് **ഞാൻ ആകുന്നവൻ ഞാൻ ആകുന്നു** എന്നു മോശയോടു പറഞ്ഞു ഞാൻ ആകുന്നവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചു എന്നു യിസ്രായേൽ മക്കളോടു പറയണം എന്നു പറഞ്ഞ അതേ ദൈവം (പുറ 3:14) അടുത്ത വചനത്തിൽ ദൈവം പിന്നെയും മോശയോടു: നീ യിസ്രായേൽ മക്കളോടു ഇപ്രകാരം പറയേണം അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു (പുറപ്പാട് 3:15) എന്നു സൂചിപ്പിച്ചിരിക്കുന്നു. ഈ രണ്ടു വചനങ്ങളിലും **ദൈവത്തിന്റെ രണ്ടു പേരുകൾ** വെളിപ്പെടുത്തിയിരിക്കുന്നു എന്നു നാം കരുതാൻ പാടില്ല. 15–ാം വചനത്തിൽ ഉള്ള ദൈവം (യാവേ അല്ലെങ്കിൽ യഹോവ) എന്നുള്ള പേരിന്റെ അർത്ഥം തന്നെ 14–ാം വചനത്തിൽ **ഞാൻ ആകുന്നവൻ ഞാൻ ആകുന്നു** എന്നു ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

വേദപുസ്തക വിമർശകർ പറയുന്നതുപോലെ **യഹോവ (യാവേ)** എന്നുള്ള പേർ ആദ്യമായിട്ടാണ് മോശെക്കു വെളിപ്പെടുത്തിയിരുന്നെങ്കിൽ ദൈവം അവനെ അയയ്ക്കുന്ന ജോലി അവനെക്കൊണ്ടു ചെയ്യാൻ സാധിക്കാതെയിരുന്നേക്കാം. കാരണം മിസ്രയീമിൽ നിന്നു യിസ്രായേൽ ജനം ഈ പേരു **ആദ്യമായി** മോശെയിലൂടെ അറിഞ്ഞിരുന്നെങ്കിൽ മോശ തങ്ങളുടെ ദൈവത്തിനടുക്കൽ നിന്നല്ല **മറ്റൊരു ദൈവത്തിനടുക്കൽ** നിന്നാണ് വന്നിരിക്കുന്നു എന്നു പറഞ്ഞു അവന്റെ വാക്കിനു ചെവികൊടുക്കയില്ലായിരുന്നു. മാത്രവുമല്ല മിസ്രയീം അരമനയിൽ ജീവിച്ച മോശക്കു **യഹോവ (യാവേ)** എന്ന പേർ പുതുതായിരുന്നാലും യിസ്രായേൽ ജനതയ്ക്കു **ഈ പേർ** പുതുതായിരുന്നില്ല. 15–ാം വചനത്തിന്റെ അവസാനം ഇതു എന്നേയ്ക്കും എന്റെ നാമവും തലമുറതലമുറയായി എന്റെ ജ്ഞാപകവും ആകുന്നു എന്നും ദൈവം അറിയിച്ചിട്ടുള്ളതിനാൽ മോശെക്കുൾപ്പെട്ട കാലത്തിലും യഹോവ (യാവേ) എന്നതാണു ദൈവത്തിന്റെ പേരായിരുന്നു എന്നതു വ്യക്തമാകുന്നു. ഇതിനാൽ മോശയുടെ കാലത്തുള്ള യിസ്രായേൽ മക്കളും അവരുടെ മുൻപിതാക്കളും ദൈവത്തെ ഈ പേരിൽ തന്നെ അറിഞ്ഞിരുന്നു.

## വൈരുദ്ധ്യം ഇല്ല നമ്പർ – 11

സംഖ്യ 25:9 (പരസംഗം) ബാധകൊണ്ടു മരിച്ചുപോയവർ ഇരുപത്തിനാലായിരം പേർ.

1 കൊരി 10:8 പരസംഗം ചെയ്തു ഒരു ദിവസത്തിൽ ഇരുപത്തു മൂവായിരം പേർ വീണുപോയതുപോലെ.

യിസ്രായേൽ ജനങ്ങൾ ശിത്തീം എന്നുള്ള സ്ഥലത്തിൽ വിഗ്രഹ വഴിപാടിൽ ബന്ധപ്പെട്ടു മോവാബ്യ സ്ത്രീകളോടു പരസംഗം ചെയ്തപ്പോൾ ഉണ്ടായ ബാധയിൽ 24000 പേർ മരിച്ചു എന്നു സംഖ്യ 25–ാം അദ്ധ്യായത്തിൽ സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ ഈ സംഭവം 1 കൊരി 10–ാം അദ്ധ്യായത്തിൽ പൗലൊസ് ചൂണ്ടിക്കാണിക്കുമ്പോൾ ബാധയാൽ മരിച്ചുപോയവർ 23000 എന്നു സൂചിപ്പിച്ചിരിക്കുന്നു. ഇതുമുഖാന്തിരം ഒരു സംഭവത്തെപ്പറ്റിയുള്ള രണ്ടു വിധ കുറിപ്പുകളും **വൈരുദ്ധ്യ**മായിരിക്കുന്നു. ചില വേദപുസ്തക ഗവേഷകർ അഭിപ്രായപ്പെടുന്നതു പൗലൊസിന്റെ ഓർമ്മക്കുറവിനാൽ മരിച്ചവരുടെ എണ്ണം **തെറ്റായി** സൂചിപ്പിച്ചിരിക്കുന്നു എന്നാണ്. വേറെ ചിലർ ഈ സംഭവത്തിനുശേഷം സംഖ്യ 26–ാം അദ്ധ്യായത്തിൽ യുദ്ധത്തിൽ പോകാനുള്ളവരുടെ എണ്ണം 23000 എന്നു സൂചിപ്പിച്ചിട്ടുള്ളതിനാൽ (സംഖ്യ 26:62) പൗലൊസ് തെറ്റായി ഇതു ബാധയാൽ മരിച്ചവരുടെ കണക്കായി 1 കൊരി 10–ൽ സൂചിപ്പിച്ചതായി കരുതുന്നു. എന്നാൽ വേദപുസ്തകം പരിശുദ്ധാത്മാവിനാൽ പ്രേരിതമായി എഴുതപ്പെട്ടതാണെന്ന സത്യം ഇപ്രകാരമുള്ള വിശദീകരണങ്ങൾ **വൈരുദ്ധ്യ**പ്പെടുത്തുന്ന വിധത്തിൽ ഇരിക്കുന്നതിനാൽ ഇവകൾ സ്വീകാര്യയോഗ്യമല്ല.

സംഖ്യാപുസ്തകത്തിൽ സൂചിപ്പിച്ചിട്ടുള്ള ശിത്തീം എന്ന സ്ഥലത്തിൽ യിസ്രായേൽ ജനം പരസംഗപാപം ചെയ്തപ്പോൾ മരിച്ചവരുടെ എണ്ണം 24000 എന്നതു നിഷേധിക്കാൻ സാധ്യമല്ല. ഇപ്പോഴുള്ള വേദപുസ്തകത്തിന്റെ സകല കയ്യെഴുത്തു പ്രതികളിലും 24000 പേർ മരിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പൗലൊസ് ഈ സംഭവം എഴുതുമ്പോൾ ഒരു ദിവസം എത്ര പേർ മരിച്ചു എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് 1 കൊരി 10:8 നമ്മെ മനസ്സിലാക്കുന്നതു ഒരു ദിവസം മരിച്ചവരുടെ എണ്ണം 23000 ആകുന്നു. സംഖ്യാപുസ്തകത്തിൽ ഈ സംഭവത്തിൽ മൊത്തമായി മരിച്ചവരുടെ എണ്ണം 24000 എന്നു സൂചിപ്പിച്ചിരിക്കുന്നു (സംഖ്യ 25:1–9).

വാസ്തവത്തിൽ ഒരുദിവസം എത്ര പേർ മരിച്ചു എന്നു പറയുന്ന പൗലൊസ് (1 കൊരി 10:8) അതിനുശേഷം മോശയുടെ അറിയിപ്പ് അനുസരിച്ചു തൂക്കിക്കൊന്ന ജനങ്ങളുടെ എണ്ണം തന്റെ കുറിപ്പിൽ ചേർത്തിട്ടില്ല. അതുകൊണ്ടു പൗലോസിന്റെ കണക്കനുസിച്ചു 1000 പേർ തൂക്കിക്കൊല്ലപ്പെട്ടതിനാൽ ഇതിനെ കുറച്ചു നേരിട്ടു ദൈവത്താൽ നശിപ്പിക്കപ്പെട്ടവരുടെ എണ്ണം 23000 എന്നു 1 കൊരി 10:8 ൽ സൂചിപ്പിച്ചിരിക്കുന്നു.

## വൈരുദ്ധ്യം ഇല്ല നമ്പർ - 12

സംഖ്യ 33:38,39 അഹരോൻ **ഹോർ** പർവ്വതത്തിൽ വച്ചു മരിച്ചു.

ആവ 10:9 അഹരോൻ **മോസര** എന്ന സ്ഥലത്തിൽ വച്ചു മരിച്ചു.

മോശ എഴുതിയ പുസ്തകങ്ങളിൽ അഹരോൻ മരണമടഞ്ഞ സ്ഥലത്തെപ്പറ്റിയുള്ള കുറിപ്പുകളിൽ വൈരുദ്ധ്യമുള്ളതായി വേദപുസ്തവിമർശകർ ചൂണ്ടിക്കാണിക്കുന്നു. വാസ്തവത്തിൽ മോശെ എഴുതിയ സംഖ്യാപുസ്തകത്തിൽ അഹരോൻ **ഹോർ** എന്ന പർവ്വതത്തിൽ മരിച്ചതായി സൂചിപ്പിച്ചിരിക്കുന്നു (സംഖ്യാ 33:38,39). എന്നാൽ മോശെ എഴുതിയ മറ്റൊരു പുസ്തകമായ ആവർത്തനപുസ്തകത്തിൽ **മോസര** എന്ന സ്ഥലത്തിൽ അഹരോൻ മരിച്ചതായി സൂചിപ്പിച്ചിരിക്കുന്നു (ആവ 10:6).

അഹരോൻ മരിച്ച സ്ഥലം സംബന്ധിച്ച രണ്ടു കുറിപ്പുകളും തമ്മിൽ **വൈരുദ്ധ്യപ്പെടുന്നില്ല.** കാരണം ആവർത്തനം 10:6-ൽ സൂചിപ്പിച്ചിട്ടുള്ള **മോസര** എന്ന പ്രദേശത്തിലാണ് **ഹോർ** എന്ന പർവ്വതം ഉള്ളത്. സംഖ്യാപുസ്തകത്തിൽ രണ്ടു തവണ രണ്ടു സ്ഥലങ്ങളിൽ ഈ പർവ്വതത്തിൽ അഹരോൻ മരിച്ചതായി സൂചിപ്പിച്ചിട്ടുണ്ട് (സംഖ്യ 20:22-29, 33:38,39). ആവർത്തന പുസ്തകത്തിൽ ഈ പർവ്വതത്തിന്റെ പേരു സൂചിപ്പിച്ചിട്ടില്ലെങ്കിൽ പോലും ഈ പർവ്വതം ഉണ്ടായിരുന്ന പ്രദേശത്തിൽ അതായത് **മോസര** എന്ന സ്ഥലത്തിൽ വച്ചു അഹരോൻ മരിച്ചതായി സൂചിപ്പിച്ചിരിക്കുന്നു. മോശ നേരത്തേ തന്നെ അഹരോന്റെ മരണത്തെപ്പറ്റി സംഖ്യാപുസ്തകത്തിൽ സൂചിപ്പിച്ചപ്പോൾ ചുരുക്കമായി ഈ സംഭവത്തെക്കുറിച്ചു എഴുതിയിരുന്നതുകൊണ്ടു പർവ്വതത്തിന്റെ പേരു സൂചിപ്പിക്കാതെ പർവ്വതം ഉണ്ടായിരുന്ന പ്രദേശം മാത്രം സൂചിപ്പിച്ചു.

## വൈരുദ്ധ്യം ഇല്ല നമ്പർ - 13

1 രാജാ 5:15 ശലോമോനു വേല ചെയ്യുന്ന ജനത്തെ ഭരിച്ചു വേല നടത്തുന്ന 3300 പ്രധാന കാര്യക്കാർ ഉണ്ടായിരുന്നു.

2 ദിന 2:2 ശലോമോന്നു മേൽ വിചാരകന്മാരായി 3600 പേർ ഉണ്ടായിരുന്നു.

പഴയനിയമത്തിലെ ചരിത്ര പുസ്തകങ്ങളിൽ വേദപുസ്തക വിമർശകർ ചൂണ്ടിക്കാണിക്കുന്ന മറ്റൊരു വൈരുദ്ധ്യം ശലോമോന്റെ മേൽവിചാരകന്മാരുടെ എണ്ണത്തെക്കുറിച്ചുള്ളതാകുന്നു. 1 രാജാ 5:15 ൽ ശലോമോന്നു 3300 മേൽവിചാരകന്മാർ ഉണ്ടായിരുന്നു. എന്നാൽ ഈ വിഷയം ദിനവൃത്താന്ത പുസ്തകത്തിൽ 3600 എന്നു സൂചിപ്പിച്ചിരിക്കുന്നു 2 ദിന 2:2. ഇതു മുഖാന്തിരം ഇതു വേദപുസ്തകത്തിലെ മറ്റൊരു വൈരുദ്ധ്യമായി കാണുന്നു. ശലോമോന്റെ മേൽവിചാരകന്മാരുടെ എണ്ണത്തെ സംബന്ധിച്ചുള്ള മറ്റൊരു കുറിപ്പു രാജാക്കന്മാരുടെ പുസ്തകത്തിലും മറ്റൊന്നു ദിനവൃത്താന്ത പുസ്തകത്തിലും ഉണ്ട്. 1 രാജാ 9:23-ൽ 550 മേധാവികളായ മേലുദ്യോഗസ്ഥർ ഉണ്ടായിരുന്നു. ദിനവൃത്താന്തപുസ്തകത്തിൽ 250 മേൽവിചാരകന്മാർ ഉണ്ടായിരുന്നതായി സൂചിപ്പിച്ചിരിക്കുന്നു (2 ദിന 8:10). അതുകൊണ്ടു രാജാക്കന്മാരുടെ പുസ്തകത്തിൽ ഉള്ള രണ്ടു കുറിപ്പു

കളും വ്യത്യാസമായിരിക്കുന്നു. എന്നാൽ രാജാക്കന്മാരുടെ പുസ്തകത്തിൽ ഉള്ള രണ്ടു കുറിപ്പുകളും ഒന്നായി ചേർത്താൽ ശലോമോന്നു മൊത്തത്തിൽ 3850 മേൽ വിചാരകന്മാർ ഉണ്ടായിരുന്നതായി അറിയാം (1 രാജാ 5:15=3300+1 രാജാ 9:23–550=3850). ഇതുപോലതന്നെ ദിനവൃത്താന്ത പുസ്തകത്തിൽ ഉള്ള രണ്ടു കുറിപ്പുകളെയും ചേർത്താൽ മേൽവിചാരകന്മാരുടെ മൊത്തം എണ്ണം രാജാക്കന്മാരിൽ ഉള്ളതുപോലെ തന്നെ 3850 ആകുന്നു (2 രാജാ 2:2–3600X8:10–250=3850). അതുകൊണ്ടു രാജാക്കന്മാരിലും ദിനവൃത്താന്തത്തിലും ശലോമോന്നുണ്ടായിരുന്ന മേൽവിചാരകന്മാരുടെ മൊത്ത എണ്ണത്തിൽ യാതൊരുവിധ വൈരുദ്ധ്യവും ഇല്ല എന്നു വ്യക്തമാകുന്നു.

ശലോമോന്റെ മേൽ വിചാരകന്മാരുടെ മൊത്ത തുക രാജാക്കന്മാരിലും ദിനവൃത്താന്തത്തിലും ഒരേ എണ്ണമാണെങ്കിലും ഇവർ രണ്ടു ഭാഗമായി സൂചിപ്പിച്ചിരിക്കുന്നു. രണ്ടു സ്ഥലങ്ങളിലും രണ്ടു പുസ്തകകുറിപ്പുകളും തമ്മിൽ വൈരുദ്ധ്യം ഉണ്ടെന്നതു തർക്കമറ്റ കാര്യമാകുന്നു. ഇതിനു കാരണം രണ്ടു പുസ്തകങ്ങളും വ്യത്യാസമായ രീതിയിൽ ശലോമോന്റെ മേൽവിചാരകന്മാരെ വിഭാഗിച്ചിരിക്കുന്നു. ദിനവൃത്താന്തം മേൽവിചാരകന്മാരിൽ കനാന്യർ എത്ര പേർ ഉണ്ടായിരുന്നു എന്നും യിസ്രായേല്യർ എത്രപേർ ഉണ്ടായിരുന്നു എന്നും വിഭജിച്ചു കാണിച്ചിരിക്കുന്നു. ഇതനുസരിച്ച് 3600 കനാന്യ മേൽവിചാരകരും (2 ദിന 2:2) 250 യിസ്രായേല്യ മേൽവിചാരകരും (2 ദിന 8:10) ആയി മൊത്തം 3850 പേരായിരുന്നു. എന്നാൽ രാജാക്കന്മാരുടെ പുസ്തകം ശലോമോന്റെ 3850 മേൽവിചാരകന്മാരെയും ഇവരുടെ വർഗ്ഗ അടിസ്ഥാനത്തിൽ വിഭജിക്കാതെ ഇവരുടെ റാങ്ക് അനുസരിച്ചു വിഭജിച്ചിരിക്കുന്നു. ഇതനുസരിച്ച് ശലോമോന്റെ 3850 മേൽ വിചാരകന്മാരിൽ താഴത്തെ നിലയിൽ ഉള്ളവർ 3300 പേരും (1 രാജാ 5:15) ഉയർന്ന നിലയിൽ ഉള്ളവർ 550 പേരും (1 രാജാ 9:23) ആയിരുന്നു.

## വൈരുദ്ധ്യം ഇല്ല നമ്പർ – 14

1 ശമു 16: 10, 11, 17:12 യിശ്ശായിക്കു ദാവീദു ഉൾപ്പെടെ 8 മക്കൾ ഉണ്ടായിരുന്നു.

1 ദിന 2:13–15 യിശ്ശായിക്കു ദാവീദു ഉൾപ്പെടെ 7 മക്കൾ ഉണ്ടായിരുന്നു.

പഴയനിയമ ചരിത്രപുസ്തകങ്ങളായ ശമുവേലിന്റെ പുസ്തകത്തിനും ദിനവൃത്താന്ത പുസ്തകത്തിനും ഇടയിൽ കാണപ്പെടുന്ന **വൈരുദ്ധ്യങ്ങളിൽ** ഒന്നു ദാവീദിന്റെ അപ്പനായ യിശ്ശായിയുടെ മക്കളുടെ എണ്ണത്തെ സംബന്ധിച്ചുള്ളതാകുന്നു. ശമുവേലിന്റെ പുസ്തകത്തിൽ ദാവീദു ഉൾപ്പെടെ അവന്റെ അപ്പനായ യിശ്ശായിക്കു 8 മക്കൾ ഉണ്ടായിരുന്നു (1 ശമു 16:10, 11, 17:12). എന്നാൽ ദിനവൃത്താന്ത പുസ്തകത്തിൽ വംശചരിത്രത്തിൽ യിശ്ശായിക്കു ദാവീദു ഉൾപ്പെടെ 7 മക്കൾ മാത്രം സൂചിപ്പിച്ചിരിക്കുന്നു (1 ദിന 2:13–15). ഇതിനാൽ വേദപുസ്തക ചരിത്രം വിശ്വസിക്കാൻ കൊള്ളാത്തതു എന്നു വേദപുസ്തക വിമർശകർ കരുതുന്നു.

ശമുവേലിന്റെ പുസ്തകം നമ്മെ അറിയിക്കുന്നതുപോലെ യിശ്ശായിക്കു മൊത്തം 8 മക്കളാണുണ്ടായിരുന്നത്. എന്നാൽ ഇവരിൽ ഒരാൾ മക്കളില്ലാത്തവനായി മരിച്ചതായി യെഹൂദന്മാരുടെ പാരമ്പര്യം പറയുന്നു. ഇതു മുഖാന്തിരം പിൽക്കാലത്തിൽ ദിനവൃത്താന്തപുസ്തകം എഴുതിയവർ വംശചരിത്ര ലിസ്റ്റിൽ **മക്കളില്ലാതെ മരിച്ച** മകനെ ഒഴിവാക്കി യിശ്ശായിയുടെ 7 മക്കളുടെ പേരുകൾ മാത്രം സൂചിപ്പിച്ചിരിക്കുന്നു. അതുകൊണ്ടു ഈ വിഷയം അറിയാത്ത നിലയിൽ ശമുവേലിന്റെ പുസ്തകത്തിനും ദിനവൃത്താന്ത പുസ്തകത്തിനുമിടയിൽ യിശ്ശായിയുടെ മക്കളുടെ കണക്കിൽ വൈരുദ്ധ്യം ഉണ്ടെന്നു പറയുന്നതു അർത്ഥമില്ലാത്തതാകുന്നു.

## വൈരുദ്ധ്യം ഇല്ല നമ്പർ – 15

1 രാജാ 9:28 ഓഫീരിൽ നിന്നു ശലോമോന്നു 420 താലന്തു പൊന്നുകൊണ്ടുവന്നു.

2 ദിന 8:18 ഓഫീരിൽ നിന്നു ശലോമൊന്നു 450 താലന്തു പൊന്നു കൊണ്ടുവന്നു.

പഴയനിയമ ചരിത്ര പുസ്തകത്തിൽ കാണുന്ന മറ്റൊരു വൈരുദ്ധ്യം ഓഫീരിൽ നിന്നു കൊണ്ടുവന്ന പൊന്നിന്റെ അളവിനെക്കുറിച്ചായിരുന്നു 1 രാജാ 9:29 ൽ 420 താലന്തു പൊന്നു കൊണ്ടുവന്നു എന്നു പറയുമ്പോൾ 2 ദിന 8:18 ൽ കൊണ്ടുവരപ്പെട്ട പൊന്നു 450 താലന്തു എന്നു സൂചിപ്പിച്ചിരിക്കുന്നു.

വേദപുസ്തകകാലത്തിൽ പഴയനിയമം എഴുതപ്പെട്ട എബ്രായ ഭാഷയിലെ ആരംഭ എഴുത്തുകളായിരുന്നു വ്യാകരണത്തിനു ഉപയോഗിച്ചിരുന്നത്. മലയാളത്തിൽ 'ഫ' 'ഹ' എന്നീ അക്ഷരങ്ങൾക്കുള്ള ചെറിയ വ്യത്യാസംപോലെയായിരുന്നു എബ്രായഭാഷയിൽ 20–0 50–0 സൂചിപ്പിക്കുന്ന എഴുത്തുകൾ നോട്ടത്തിൽ ഒരേപോലെ തോന്നിയിരുന്നു. ഇതു മുഖാന്തിരം ശലോമോന്നു കൊണ്ടുവരപ്പെട്ട പൊന്നിന്റെ അളവു രാജാക്കന്മാരുടെയും ദിനവൃത്താന്തത്തിലും വ്യത്യസ്തമായിരിക്കുന്നതിനു കാരണം വേദപുസ്തകത്തിന്റെ കോപ്പി എടുത്തവരിൽ ഒരു പകർപ്പിൽ 50 നെ 20 ആയും അല്ലെങ്കിൽ 20 നെ 50 ആയി തെറ്റായി സൂചിപ്പിച്ചതാകുന്നു. എബ്രായ ഭാഷയിൽ ഉള്ളതിനെ സൂചിപ്പിക്കുന്ന 'കഫ്' എന്നുള്ള എഴുത്തു 119–ാം സങ്കീർത്തനത്തിൽ 81–ാം വചനം തുടങ്ങുന്ന ഭാഗത്തിനു തലക്കെട്ടായും 50 നെ സൂചിപ്പിക്കുന്ന 'നൂൻ' എന്നുള്ള എഴുത്തു 119–ാംസങ്കീർത്തനത്തിൽ 105–ാം വചനം തുടങ്ങുന്ന ഭാഗത്തിനു തലക്കെട്ടായും കൊടുത്തിരിക്കുന്നു. ഈ രണ്ടു എഴുത്തുകളുടെയും രൂപം കാണുമ്പോൾ വളരെ ചെറിയ വ്യത്യാസത്തോടിരിക്കുന്നതു നമുക്കു കാണാം. ഇക്കാരണത്താൽ പകർപ്പെഴുതിയവർക്കു ഈ തെറ്റു ഒഴിവാക്കാൻ സാധിക്കാതിരുന്നു. എന്നാലും രാജാക്കന്മാരുടെ ദിനവൃത്താന്തപുസ്തകത്തിന്റെ ആരംഭപകർപ്പിൽ 420 താലന്തു അല്ല 450 താലന്തായിരുന്നു എന്നതു നമുക്കു അറിയാൻ സാധിക്കുന്നില്ല. പഴയനിയമ കാലത്തിൽ ഒരു താലന്തു ഏറെക്കുറെ 75 റാത്തൽ അല്ലെങ്കിൽ 34 കിലോ തൂക്കമുള്ളതാകുന്നു.

## വൈരുദ്ധ്യം ഇല്ല നമ്പർ – 16

2 രാജാ 24:8 യെഹോയാഖീൻ വാഴ്ച തുടങ്ങിയപ്പോൾ അവന്നു പതിനെട്ടു വയസ്സായിരുന്നു. അവൻ യെരുശലേമിൽ മൂന്നു മാസം വാണു.

2 ദിന 36:9 യെഹോയാഖീൻ വാഴ്ച തുടങ്ങിയപ്പോൾ അവനു 8 വയസ്സായിരുന്നു. അവൻ മൂന്നു മാസവും പത്തുദിവസവും യെരുശലേമിൽ വാണു.

ചരിത്ര പുസ്തകങ്ങളിലുള്ള വൈരുദ്ധ്യങ്ങളിൽ ഒന്നായി പലരും ചൂണ്ടിക്കാണിക്കുന്നതു യെഹോയാഖീൻ രാജാവിന്റെ ഭരണകാലത്തെക്കുറിച്ചുള്ളതാകുന്നു. രാജാക്കന്മാരുടെ പുസ്തകം അനുസരിച്ചു ഇവൻ 18 വയസ്സിൽ രാജാവായി മൂന്നു മാസം ഭരിച്ചു (2 രാജാ 24:8). എന്നാൽ ദിനവൃത്താന്തപുസ്തകത്തിൽ ഈ രാജാവു 8 വയസ്സിൽ രാജാവായി മൂന്നുമാസം 10 ദിവസം രാജാവായിരുന്നു എന്നു സൂചിപ്പിച്ചിരിക്കുന്നു (2 ദിന 36:9).

രാജാക്കന്മാരുടെ പുസ്തകത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ യെഹോയാഖീൻ രാജാവു ക്രി.മു 598 അവസാനം മുതൽ ക്രി.മു 597 ആരംഭംവരെ മൊത്തം മൂന്നു മാസങ്ങൾ മാത്രമേ രാജാവായിരുന്നിട്ടുള്ളൂ. ബാബിലോണ്യ ചരിത്രകുറിപ്പുകളിലും ഈ രാജാവിനെപ്പറ്റി എഴുതിയിട്ടുണ്ട്. ഇയാൾ ക്രി.മു.597 ൽ ബാബിലോണ്യരാൽ തടവിലാക്കപ്പെട്ടു. ഇയാൾ തന്റെ പിതാവു ചെയ്തതു

പോലെ ദൈവത്തിന്റെ നോട്ടത്തിൽ ചെയ്യാൻ പാടില്ലാത്തവയെല്ലാം ചെയ്തു എന്നുള്ള കുറിപ്പു രാജാക്കന്മാരുടെ പുസ്തകം പറയുന്നതുപോലെ ഇയാൾ 18 വയസ്സായിരുന്നപ്പോഴാണ് രാജാവായി എന്ന വിവരം നമുക്കു തരുന്നു. മാത്രവുമല്ല ഇയാൾ വിവാഹിതനായിരുന്നു എന്നതും നമുക്കു ഉറപ്പു തരുന്നു. ഇതിനാൽ ദിനവൃത്താന്തപുസ്തകത്തിലെ കുറിപ്പു ഈ പുസ്തകം പകർത്തിയപ്പോൾ ഉണ്ടായ ഒരു തെറ്റാണെന്നു കാണാം.

അക്കാലത്തിൽ എബ്രായ ഭാഷയിൽ അക്കങ്ങൾ അക്ഷരത്തിൽ എഴുതിയിരിക്കുന്നതിനാലാണ് ഇപ്രകാരമുള്ള തെറ്റു സംഭവിച്ചത്. അക്കാലത്തിൽ **പതിനെട്ടു** എന്നതു **പത്തു എട്ടു** എന്നാണ് എഴുതിയിരുന്നത്. ദിനവൃത്താന്ത പുസ്തകത്തിൽ 18 എന്നതിന്റെ **പത്തു** എന്നുള്ള പദം പകർത്തിയെഴുതിയപ്പോൾ വിട്ടുകളഞ്ഞു. ഇതിനാൽ യെഹോയാഖീൻ രാജാവായതു 8 വയസ്സിൽ എന്നു എഴുതി. മാത്രവുമല്ല ഇതിൽ വിട്ടുകളഞ്ഞ 10 നെ ഭരണകാലത്തിൽ ചേർത്തു. ഇതിനാൽ ദിനവൃത്താന്തപുസ്തകത്തിൽ ഭരണകാലം മൂന്നുമാസവും 10 ദിവസവും എന്നാണുള്ളത്. എന്നാലും ചില പഴയ നിയമ എബ്രായഭാഷ **കൈയെഴുത്തു പ്രതികളിലും** ദിനവൃത്താന്തപുസ്തകത്തിലും യെഹോയാഖീൻ 18 വയസ്സിലാണ് രാജാവായതായി സൂചിപ്പിച്ചിരിക്കുന്നു.

## വൈരുദ്ധ്യം ഇല്ല നമ്പർ – 17

1 ദിന 3:19 പെദായാവിന്റെ മക്കൾ സെരുബാബേൽ........

എസ്രാ 3:2 ശെയൽതിയേലിന്റെ മകൻ സെരുബാബേൽ

പഴയനിയമകാലത്തിൽ ക്രി.മു.586 ൽ ബാബിലോണിലേക്കു അടിമകളായി കൊണ്ടുപോയ യെഹൂദന്മാർ 70 വർഷങ്ങൾക്കുശേഷം തങ്ങളുടെ സ്വന്തരാജ്യത്തിൽ മടങ്ങിവന്നശേഷം അവർക്കു നേതൃത്വം നൽകിയവരിൽ ഒരാളായ സെരുബാബേലിന്റെ **അപ്പന്റെ പേരു** വേദപുസ്തകത്തിൽ വ്യത്യസ്തമായ രീതിയിൽ സൂചിപ്പിച്ചിരിക്കുന്നതു വേദപുസ്തക വിമർശകർക്കു വലിയ വൈരുദ്ധ്യമായിരിക്കുന്നു 1 ദിന 3:19 ൽ സെരുബാബേലിന്റെ അപ്പന്റെ പേരു **പെദായാ** എന്നു എഴുതിയിരിക്കുന്നു. എന്നാൽ വേദപുസ്തകത്തിലെ മറ്റു ഭാഗങ്ങളിലെല്ലാം അവന്റെ പേര് 'ശെയൽതിയേൽ' എന്നാണ് ഉള്ളത് (എസ്രാ 3:2,8 – 5:2– നെഹ 12:1, ഹഗ്ഗായി 1:1,12,14– 2:2–മത്തായി 1:12,). അതുകൊണ്ടു ദിനവൃത്താന്തത്തിൽ സൂചിപ്പിച്ചിട്ടുള്ള **സെരുബാബേൽ** മറ്റൊരു **മനുഷ്യൻ** എന്നു ചില വേദപുസ്തക ഗവേഷകർ കരുതുന്നു. എന്നാൽ ഇതിനു യാതൊരുവിധ തെളിവും ഇല്ല.

സെരുബാബേലിന്റെ അപ്പന്റെ പേര് ദിനവൃത്താന്തപുസ്തകത്തിലുള്ള വംശാവലിയിൽ മാത്രമേ **പെദായാ** എന്നുള്ളതു. മറ്റു സ്ഥലങ്ങളിൽ  സെരുബാബേലിന്റെ അപ്പന്റെ പേര് **ശെയൽതിയേൽ** എന്നാണ് അറിയപ്പെടുന്നത്. വാസ്തവത്തിൽ ശെയൽതിയേൽ എന്ന വ്യക്തി അവകാശി ഇല്ലാതെ മരിച്ചുപോയി. അതിനുശേഷം അവന്റെ വിധവയായ ഭാര്യ അക്കാലത്തുള്ള മച്ചിനൻ വിവാഹരീതി അനുസരിച്ചു (ആവ 25:5–10). 'പെദായാ' എന്ന വ്യക്തിയുടെ ഭാര്യയായി **സെരുബാബേലിനെ** പ്രസവിച്ചു. ഇപ്രകാരമുള്ള വിവാഹത്തിലൂടെ ജനിക്കുന്ന ആദ്യത്തെ ആൺകുട്ടിയെ മരിച്ച ഭർത്താവിന്റെ **അവകാശിയായി** കരുതപ്പെടുന്നതുകൊണ്ടു **സെരുബാബേൽ** എന്ന വ്യക്തി **ശെയൽതിയേലിന്റെ** മകനായി അറിയപ്പെട്ടു. അതുകൊണ്ടു വേദപുസ്തകചരിത്രത്തിൽ ഇവൻ **ശെയൽതിയേലിന്റെ** മകനായി അറിയപ്പെട്ടു. അതുകൊണ്ടുതന്നെ വേദപുസ്തക ചരിത്രത്തിൽ ഇവൻ **ശെയൽതിയേലിന്റെ** മകനായി കരുതപ്പെട്ടു. ദിനവൃത്താന്ത പുസ്തകത്തിലുള്ള വംശാവലി ചരിത്ര ലിസ്റ്റിൽ ഇവന്റെ സ്വന്ത അപ്പന്റെ പേരു സൂചിപ്പിച്ചിരിക്കുന്നു. അതുകൊണ്ടു

ഈ പിന്നണി വിഷയങ്ങൾ അറിയാത്ത നിലയിൽ സെരുബാബേലിന്റെ അപ്പന്റെ പേരിൽ വൈരുദ്ധ്യം ഉണ്ടെന്നു തർക്കിക്കുന്നതു അർത്ഥശൂന്യം ആകുന്നു. വാസ്തവത്തിൽ **പെദായാ** എന്ന വ്യക്തിയിലൂടെ **സെരുബാബേൽ** ശെയൽതിയേലിന്റെ മകനായിരിക്കുന്നു. ഇതു മുഖാന്തിരം (1 ദിന 3:19) വേദപുസ്തകത്തിന്റെ മറ്റു ഭാഗങ്ങളെ വൈരുദ്ധ്യപ്പെടുത്തുന്നില്ല.

**കുറിപ്പ് :** ഈ വേദപഠനം എഴുതിയത് ശ്രീലങ്കൻ സ്വദേശിയായ ഡോ.വസന്തകുമാർ ആകുന്നു. കൊളംബോ ബൈബിൾ സെമിനാരിയിൽ പ്രൊഫസർ ആയി പ്രവർത്തിച്ച അദ്ദേഹം ലണ്ടനിൽ പോയി രണ്ടു വിഷയങ്ങളിൽ പ്രത്യേകം പ്രത്യേകം ഡോക്ടറേറ്റ് എടുത്ത വ്യക്തിയാകുന്നു. വേദപുസ്തകത്തിലെ ആഴമായ ദേവപുസ്തകസത്യങ്ങളിൽ ഗവേഷണം നടത്തി ധാരാളം പുസ്തകങ്ങൾ ഇംഗ്ലീഷിൽ എഴുതിയതുകൊണ്ട് ഇംഗ്ലണ്ടിൽ സെമിനാരികൾ അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. താഴെ പറയുന്ന ഇ–മെയിൽ ID വഴിയായി അദ്ദേഹത്തിന്റെ ഗവേഷണപുസ്തകങ്ങൾ ഇംഗ്ലീഷിലുള്ളവ ചോദിച്ചു വാങ്ങി പ്രയോജനപ്പെടുത്താം. നിങ്ങളുടെ ആത്മീയസംശയങ്ങളും ചോദിച്ചു മനസ്സിലാക്കാം.

**ഡോ.വസന്ത്കുമാർ**
**E-mail : vrkbibleteach@yayoo.com**

vvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvvv

# കന്യാകുമാരി സി.എസ്.ഐ ഡയോസിസ് ചിന്തൻവിള സി.എസ്.ഐ സഭാ കൺവെൻഷൻ





കന്യാകുമാരി ചിന്തൻവിള സി.എസ്.ഐ സഭയിൽ നടന്ന ഈ യോഗങ്ങൾ വളരെ അനുഗ്രഹപ്രദമായി നടന്നു. ഡിസ്ട്രിക് ചെയർമാൻ റവ.ജ്ഞാനദാസൻ അവർകളുടെയും സഭാ അച്ചൻ റവ:ജെ.സ്റ്റീഫൻ അവർകളുടെയും നേതൃത്വത്തിൽ ഈ യോഗങ്ങൾ വളരെ അനുഗ്രഹമായി നടന്നു. ദൈവനാമം മഹിമപ്പെട്ടു.

# സി.എസ്.ഐ മലബാർ ഡയോസിസ് കണ്ണൂർ ഹെബിക്സ് സി.എസ്.ഐ കൺവെൻഷൻ





നേരത്തെ **ഉത്തരകേരള മഹായിടവക** എന്നു അറിയപ്പെട്ടിരുന്ന ഡയോസിസ് പിന്നീടു **മലബാർ ഡയോസിസ്** എന്നു മാറ്റപ്പെട്ടശേഷം ആദ്യമായി കൺവെൻഷനിൽ പ്രസംഗിക്കാൻ ഞാൻ ക്ഷണിക്കപ്പെട്ടു. ഇതുവരെയായി മദ്ധ്യകേരള ഡയോസിസിലുള്ള അച്ചന്മാരെയാണ് ബിഷപ്പായി തെരഞ്ഞെടുത്തു ഉത്തരകേരള ഡയോസിസിനെ ഭരിച്ചുകൊണ്ടിരുന്നത്. നേരത്തെ ഇതു ബാസൽമിഷൻ ആയിരുന്നു. മലയാള വേദപുസ്തകം ആദ്യമായി തർജ്ജിമ ചെയ്തതു ജർമ്മൻകാരനായ റവ.ഗുണ്ടർട്ട് എന്ന പുരോഹിതനായിരുന്നു. അദ്ദേഹം മുഖാന്തിരം സ്ഥാപിക്കപ്പെട്ടതാണ് ബാസൽ മിഷൻ സഭകൾ. അന്നത്തെ കാലത്തിൽ ഉത്തരകേരളത്തെ മലബാർ എന്നാണ് ഗവൺമെന്റ് രേഖകളിലുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് മലബാർ പോലീസ് എന്നു ഇപ്പോഴും ജനങ്ങളാൽ വിളിക്കപ്പെടുന്നത്. പള്ളിയിൽ പാടപ്പെടുന്ന ബാസൽ മിഷൻ ജ്ഞാനപാട്ടുകൾ മറ്റു സി.എസ്.ഐ ജ്ഞാനപ്പാട്ടുകളെക്കാൾ വ്യത്യാസമുള്ളതും, അർത്ഥമുള്ളതും, നല്ല രാഗമുള്ളതും ആകുന്നു. മലബാറിൽ ഉള്ള ബാസൽ മിഷൻ സഭയിൽ ജനിച്ചുവളർത്തപ്പെട്ട റൈറ്റ്. റവ.ഡോ.റോയി മനോജ് വിക്ടർ അവർകളാണ് ആദ്യത്തെ മലബാർ ഡയോസിസ് ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടത്. ഈ സ്ഥലത്തിൽ ഞാൻ പ്രസംഗിക്കുന്നത് അഞ്ചാം തവണയാണ്. ഈ സഭയിലെ സീനിയർ അച്ചനായ റവ.ട്രിവോർ ജ്യോതിഷ് അവർകൾ ഈ യോഗങ്ങളെ പ്രാർത്ഥനയോടെ ഏർപ്പാടുകൾ ചെയ്തിരുന്നു.

ഡിസ്ട്രിക്റ്റ് ചെയർമാൻ റവ.മൈക്കിൾ അവർകളും റവ.സിനോസി മനരൻ അവർകളും യോഗത്തിൽ സംബന്ധിച്ചു. കണ്ണൂരിലെ സി.എസ്.ഐ സഭാ ക്വയർ വളരെ പ്രസിദ്ധമാണ്. ഞാൻ സ്നേഹിക്കുന്ന വ്യക്തിയും പ്രബലപാട്ടുകാരനുമായ സഹോ.സിറിൾ അവർകളും അദ്ദേഹത്തിന്റെ മക്കളും സഭയിലെ പാട്ടുഗ്രൂപ്പുകളും എന്റെ യോഗങ്ങളിൽ പാട്ടുകൾ പാടി ദൈവത്തെ മഹത്വപ്പെടുത്തി.

യോഗം വളരെ അനുഗ്രഹപ്രദമായിരുന്നു. ദൈവത്തിനു മഹിമ ഉണ്ടാകട്ടെ.

# IF THERE IS NOBODY...

- Selected - Living stream

Are you dejected seeking after genuine love?
Overcome it by showing genuine love to others

Are you disappointed that none is good?
Forget that by living good before others

Are you bitter seeing selfish people?
Let others see your selflessness – bitterness will vanish

Are you vexed that all are hypocrites?
Let the world see your genuine heart- the frustration will flee

Don't you get an answer for your question 'where's a man
who is pure at heart?'
Stand firm in your purity; that's your answer

Are you troubled that there is none who is truly godly?
Let God see at least your true godliness. Then your
trouble shall leave.

Do you find it difficult that none is there who
walks in the ways of God?
Try to walk in that way so that others could see you.
Your difficulty shall depart.

Are you sad that there is none to be trusted?
At least you can live as a trustworthy person;
your sadness shall disappear.

Does your heart say that there is none to live for Christ?
Then you must at least live for Him

Are you vexed that every fellowship and relationship
is problematic?
Ensure that nobody faces problem with your fellowship and
relationship.

Why don't you who realized that there is none to be
called as 'good'
Commit yourself today
To fill that void?



- If Evolution is true, and man is only an accident,an aimless wanderer in time and space, moving futilely between points of illusionary happiness, tragedy,achievement,pain..
- If man is,himself, the greatest power over his existence and yet,in the multitudinous causes and effect surrounding him, even he has almost no control...
- If man's hope is no more than to exist until by chance he ceases to exist-
If evolution is true, then there is no existence more miserable than man's because, of all living beings, he alone is hopeless and miserable, and he alone has the awareness of self to know it,
- **who would champion such a depressing belief? and who would want to convert others to it, through subverting and destroying a faith based hope for a better life to come?**

**- betty burton choate**


**JULY 2017**

# Printed Book

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.